MR. JOSEPH MALIECKAL : I oppose the suggestion to postpone demand No VII.

MR. PANADVATHU SANKARA PILLAI : കോവാപ്പറേറീവ് ഡിപ്പാർട്ട മെൻറിലേക്കുള്ള ഡിമാൻറിനെ ഇപ്പോഴത്തെ സ്ഥാനത്തുനിന്നു മാറരുതെന്നാണ് എൻറെ അഭിപ്രായം.

MR. K. P. NILAKANTA PILLAI : കോവാപ്പറേറീവ് ഡിമാൻറ് മാറുന്നില്ല.

ഭൂരിപക്ഷം ഈ അഭിപ്രായത്തോടുയോജിച്ചതായി കണ്ടു.

MR. PRESIDENT : ൫, ൬, ൭, ൮, ൯, ൧൦, ൧൧, ൧൨, ൧൩, ഈ ഡിമാൻറുകൾ അവസാനമായി; അതായത് Debt Head Industrial loans കഴിഞ്ഞു് ചേർക്കുന്നതായിരിക്കും.

GENERAL DISCUSSION ON THE BUDGET—(*Contd.*)

MR. P. S. MUHAMMED : സർ, സാധാരണക്കാരനു് വഹിക്കാൻ നിവൃത്തിയില്ലാത്തവിധം റേഷൻ സാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുകയാണെന്നു ഞാൻ മുമ്പേ പ്രസ്താവിച്ചുവല്ലോ. മറ്റു് ആഹാരസാധനങ്ങളെ സംബന്ധിച്ചു നോക്കിയാലും എല്ലാത്തിനും വില വളരെ വർദ്ധിച്ചിട്ടുണ്ടു്. കുപ്പച്ചാണെങ്കിൽ നാലിരട്ടിവില വർദ്ധിച്ചിട്ടുണ്ടു്. സാധാരണക്കാരനു് അടുത്തു ചെല്ലാൻ നിവൃത്തിയില്ലാത്തവിധം മാർക്കറ്റിൽ വരുന്ന മീനെല്ലാം പ്രമുഖന്മാരുടെ വീട്ടിലേക്കു് പറന്നുപോവുകയാണു് ചെയ്യുന്നതു്. സാധാരണക്കാരൻറെ വൈഷമ്യം പരിഹരിക്കുന്നതിനു് യാതൊന്നുംതന്നെ ഈ ബഡ്ജറിൽ കാണാതിരിക്കുന്നതിൽ ഞാൻ മനസ്താപിക്കുന്നു. ഇനി അവൻറെ വരവു് വർദ്ധിപ്പിക്കുന്ന സാമ്പത്തികനിലയിൽ എന്തെങ്കിലും പദ്ധതിയുണ്ടോ എന്നു നോക്കിയാൽ അതിനും ഒരു വ്യവസ്ഥയും ചെയ്തിട്ടില്ല. ഇപ്പോൾ ഘോരമായ തൊഴിലില്ലായ്മയും രാജ്യത്തിൻറെ എല്ലാ ഭാഗത്തും ശക്തി പ്രയോഗിച്ച വരികയാണു്. ജോലിയില്ലാതെ വളരെ ആളുകൾ കഷ്ടപ്പെടുന്നു. ഈ നിലയ്ക്കെങ്കിലും ഒരു ആശ്വാസം കൊടുക്കുന്നതിനു് ഇതിനുമുമ്പു് നിരുത്തരവാദമായി ഭരിച്ചിരുന്ന ഗവണ്മെൻറ് ഉൾപ്പെടുത്തിയിരുന്ന ഒരു ലക്ഷം രൂപാ അല്ലാതെ പുതുതായി ഒന്നും തന്നെ ഈ ബഡ്ജറിൽ കാണുന്നില്ല. സാധുക്കളുടെ ദയനീയാവസ്ഥയെ സംബന്ധിച്ചു്. ഒരു സ്കീം ശരിപ്പെടുത്തുന്നതിനുള്ള യാതൊരു വ്യവസ്ഥയും ഇതിൽ ചെയ്തു കാണുന്നില്ല. കുടിയാന്മാർ ഭൂമിയുടെ സ്ഥ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കാരുണ്യത്തിൽ തന്നെ ജീവിക്കണമെന്നുള്ള നിലയല്ലാതെ അവർക്ക് യാതൊരു ആശ്വാസവും ഈ ബഡ്ജറും നൽകുന്നില്ല. ഇപ്പോഴും അവർക്ക് വീട്ടിൽ സുഖമായി കിടന്നാറ് ഈത്തക്കവണ്ണമുള്ള ഒരു അന്തരീക്ഷം ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. എന്നുമാത്രമല്ല, സ്റ്റേറ്റ് കാൺഗ്രസ് ഭരണം കൈയ്യിറതോടുകൂടിത്തന്നെ ഏതാണ്ടു സധുക്കളായ കുടിയാന്മാർക്ക് എന്തൊക്കെയോ സഹായം ചെയ്യുകമെന്നുള്ള ഭയം ഭൂമിയുടമപ്രമാണിമാരുടെ ഇടയിൽ ഉണ്ടാവുകയും തന്നിമിത്തം സാധുക്കളായ കുടിയാന്മാരെ കുഴയുന്നതും വേഗത്തിൽ ഇറക്കി വിടുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയും ചെയ്യുന്നു. ഇതിനു ഒരു പ്രതിവിധിയും ഉണ്ടാക്കുന്നതിനു യാതൊരു വ്യവസ്ഥയും ബഡ്ജറും പ്രസംഗത്തിൽ നിർദ്ദേശിക്കുകയാകട്ടെ അതിനൊരു സംഖ്യ ബഡ്ജറിൽ ഉൾപ്പെടുത്തുകയാകട്ടെ, ചെയ്തിട്ടില്ല. ഈ ബഡ്ജറു് പൊതുവേ നോക്കുകയാണെങ്കിൽ മുതലാളികളെ അസൂഖപ്പെടുത്താതെ കഴിച്ചുകൂട്ടണമെന്നുള്ള ഒരാഗ്രഹം നമ്മുടെ മന്ത്രിമാർക്കുണ്ടെന്നു തോന്നിപ്പോകുന്നു. കാരണം വ്യവസായങ്ങൾ ദേശീയമാക്കണമെന്നു പല വിധത്തിൽ പ്രസംഗിക്കുകയും അതാണു രാജ്യത്തിന്റെ ആവശ്യമെന്നു പറയുകയും ചെയ്തിട്ടു് ദേശീയമാക്കിയിട്ടുള്ള ഏകവ്യവസായമായ സ്റ്റേറ്റു് ട്രാൻസ്പോർട്ടിനെ തന്നെയും ഒന്നു വികസിപ്പിക്കുവാനുള്ള ശ്രമം ഒന്നും കാണുന്നില്ല. നേരെമറിച്ചു് അതിൽ ചില ഡിസ്ട്രിക്റ്റുകൾ തന്നെ ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുവെന്നാണു് അറിയുന്നതു്. ഡ്രൈവന്മാരുടെ സംഖ്യ കുറയ്ക്കുകയും അങ്ങനെ വണ്ടികൾ ഓടിക്കുന്നതിനുള്ള സൗകര്യം കുറയ്ക്കുകയും ചെയ്യുന്നു. ഇങ്ങനെയാണെങ്കിൽ യാതൊരു പദ്ധതിയും ആശിക്കുന്ന രീതിയിൽ ദേശീയമാക്കാൻ സാദ്ധ്യമല്ല. ഉപ്പു വ്യവസായം ഗവണ്മെൻറിന്റെ ഒരു മോണോപ്പളി ആണെന്നു തന്നെ പറയാം. അങ്ങനെയുള്ള ഉപ്പു വ്യവസായം അന്യന്മാരുടെ കൈയ്യിൽ എന്തിനു വച്ചുകൊണ്ടിരിക്കണമെന്നു ഞാൻ ചോദിക്കുന്നു. വ്യവസായകരണമാണു് നമ്മുടെ രാജ്യത്തിന്റെ സർവ്വൈശ്വര്യത്തിനു് അത്യന്താപേക്ഷിതമായിട്ടുള്ള കാര്യം എന്നിരിക്കെ അനേകം തൊഴിലാളികളെ ദുരിതത്തിൽനിന്നും രക്ഷിക്കാൻ കഴിവുള്ളതായ ഈ വ്യവസായത്തെ എന്തുകൊണ്ടു ദേശീയമാക്കിക്കൂടാ എന്നു ഞാൻ ചോദിക്കുന്നു. ഇതിനും പുറമേ തൊഴിലില്ലായ്മയ്ക്ക് വേണ്ടിടത്തോളം തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനു് ഉപകരിക്കുന്ന വലിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഗവണ്മെൻറു് തയ്യാറുണ്ടെന്നു കാണുന്നില്ല. മറ്റൊന്നു പൊരുത

LIBRARY ARCHIVES Kerala Legislative Assembly

[Mr. P S. Muhammed.]

ഫാക്ടറികളെ സംബന്ധിച്ചാണ്. ചേത്തല മുതലായ സ്ഥലങ്ങളിൽ ചെറിയ ഫാക്ടറികളും ഉണ്ട്. കയർവ്യവസായംതന്നെ തിരുവിതാംകൂറിലെ ഒരു പ്രധാന വ്യവസായം ആണ്. ഇന്നത്തെ നിലയിൽ മുന്നോട്ടുപോകുകയാണെങ്കിൽ കയർവ്യവസായം മുഴുവൻ അല്ലെങ്കിൽ ആറോ ഫാക്ടറി ഉടമസ്ഥന്മാരുടെ കൈയ്യിൽ സ്ഥിതി ചെയ്യുകയല്ലാതെ നാലോ അഞ്ചോ ഫാക്ടറികളുള്ള ചേത്തല, അമ്പലപ്പുഴ മുതലായ സ്ഥലങ്ങളിലെ ഫാക്ടറികളെല്ലാം നശിച്ചു പോകുന്ന ഒരു നിലയാണ് വന്നുചേരുന്നത്. ഇതിന് ഒരു പ്രതിവിധി കണ്ടുപിടിക്കുന്നതിന് ഗവണ്മെന്റ് ഒന്നും തന്നെ ചെയ്തിട്ടില്ല.

ഇനി ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്ന ഒരു കാര്യം ഈ തിരുവിതാംകൂറിൽ നിലവിലിരിക്കുന്നത് ഒരിടക്കാലഗവണ്മെന്റാണെന്നുള്ളതാണ്. ഞങ്ങൾക്കെല്ലാം വിശ്വാസമുള്ള മന്ത്രിമാർതന്നെയാണ് ഇവിടെ ഭരണം നടത്തുന്നത്. എന്നിരുന്നാലും രാജ്യത്തിനു ഒരു പുതിയ കാൺസ്റ്റിറ്റ്യൂഷൻ എഴുതി ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ നിലവിലിരിക്കുന്ന ഇടക്കാല ഗവണ്മെന്റിൽ സാമ്പത്തികമായും വിവിധ താൽപ്പര്യക്കാരായ ജനവിഭാഗങ്ങൾക്കും കക്ഷികൾക്കുംകൂടി വേണ്ട സമാധാനവും ഉണ്ടായിരിക്കേണ്ടത് കേവലം ധർമ്മംമാത്രമാണെന്നുള്ള സംഗതി വിസ്മരിക്കാവുന്നതല്ല. സ്റ്റേറ്റ് കാൺഗ്രസ്സിനോട് ആത്മാർത്ഥമായി സഹകരിച്ച പ്രധാന ന്യൂനപക്ഷത്തിനുപോലും ആ വാതിലിൽ എത്തിനോക്കാൻ സമാധാനം ലഭിക്കാത്തവിധം സംഗതികൾ മുന്നോട്ട പോകുന്നതു ബുദ്ധിപൂർവ്വകമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

MR. JOSEPH MALIECKAL : സർ, കഴിഞ്ഞ പത്തുകൊല്ലങ്ങളായി രാജ്യത്തിനുവേണ്ടി ജയിലുകളിലും തെരുവീഥികളിലുംമാത്രം ജീവിച്ചുവന്നവരും, ഗവണ്മെന്റ് എന്താണെന്നോ ഫൈനാൻസ് എന്താണെന്നോ അറിയാതെ കഴിഞ്ഞുകൂടിയവരുമായ ചെറുപ്പക്കാരും ആളുകൾ ഇപ്പോൾ ഈ നിയമസഭയിൽ വന്നിരിക്കുന്ന എന്ന കാരണത്തിനുവേണ്ടി അവരെ ബഡ്ജറിന്റെ നിർവ്വചനം എന്താണെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഇപ്പോഴത്തെ ബഡ്ജറു തയാറാക്കിയിരിക്കുന്ന അക്കൌണ്ടന്റ് ജനറലും, ഫിനാൻഷ്യൽ സെക്രട്ടറിയും പ്രദർശിപ്പിച്ചിരിക്കുന്ന മനസ്ഥിതിക്ക് കഴിഞ്ഞകാലത്തിന്റെ അവശിഷ്ടമായ ആ മനസ്ഥിതിക്ക്—കുറെക്കൂടിവ്യക്തമായി പറഞ്ഞാൽ അല്പം ധിക്കാരപരമായ ആ മനസ്ഥിതിക്ക്—അവരോട് ഞാൻ ആദ്യമായി നന്ദിപറയുകയും;.....

LIBRARY ARCHIVES Kerala Legislative Assembly

MR. A. P. UDAYABHANU : My friend must understand that every budget memorandum contains this statement.

MR. JOSEPH MALIECKAL : Even then I resent it ടി മനസ്ഥിതിയെ അർഹിച്ചതിനു മന്ത്രിസഭയുടെപ്പടെയുള്ള ഈ പ്രതിനിധിസഭയെ ഞാൻ അനുമോദിക്കയും ചെയ്തുകൊള്ളുന്നു. സാധാരണ മനുഷ്യന്റെ നില അഭിവൃദ്ധിപ്പെടുന്നതിനാണ് ഈ ബഡ്ജറ്റ് ഉപകരിക്കുന്നതെന്നു ഫൈനാൻസ് മിനിസ്റ്റർ പ്രസ്താവിച്ചിട്ടുള്ളതു് ഈ രാജ്യവാസികൾക്കു് ആശാസകരമായ കാര്യംതന്നെയാണു്. ആ തത്വമനുസരിച്ചും കോൺഗ്രസ്സ് മാനിഫെസ്റ്റായുടെ അടിസ്ഥാനത്തിലും ഈ രാജ്യത്തെ സാമാന്യജനങ്ങൾക്ക് ഈ ബഡ്ജറ്റു പ്രയോജനപ്പെടുത്തണമെങ്ങനെയെന്നുള്ള കാര്യത്തിൽ എനിക്കുള്ള ചില അഭിപ്രായങ്ങളെപ്പറ്റി ഈ അവസരത്തിൽ പ്രസ്താവിക്കാമെന്നു ഞാൻ വിചാരിക്കുന്നു.

സർ, അന്തർദ്ദേശീയമായ സാമ്പത്തികസംഘടനകൾ എല്ലാംതന്നെ, ഏകസ്വരത്തിൽ അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണ് അതതു ഗവണ്മെന്റുകൾ അതാതു രാജ്യങ്ങളിലുള്ള ജനങ്ങൾക്കു ഫുൾ എംപ്ലോയിമെന്റു ഗാരന്റി ചെയ്യണമെന്നുള്ളതു്. അതിനുള്ള മുതൽ നമ്മുടെ ഭരണാധികാരികൾക്കുണ്ടു്. ഫുൾ എംപ്ലോയിമെന്റ് എന്നു പറഞ്ഞാൽ ഈ രാജ്യത്തു് മുൻപുണ്ടായിരുന്ന തൊഴിലുകളെ പുഷ്ടിപ്പെടുത്തിയും, കൂടുതൽ തൊഴിലുകൾ ഉണ്ടാക്കിക്കൊടുത്തും ഫുൾഎംപ്ലോയിമെന്റു നടപ്പാക്കുകയാണു് അർത്ഥം. ഇവിടെയാണെങ്കിൽ, ഇവിടത്തെ ജനങ്ങളിൽ 80 ശതമാനം പേരും കർഷകരാണു്. കൃഷിയാണു് ഇവിടത്തെ ജനങ്ങളുടെ മുഖ്യമായ തൊഴിൽ. കർഷകർ ഈ നാട്ടിന്റെ നട്ടെല്ലാണു് എന്ന തത്വം ആദ്യംമുതൽതന്നെ ഗവണ്മെന്റു പരസ്യമായി സമ്മതിച്ചിട്ടുണ്ടു്. എന്നാൽ, കഴിഞ്ഞ ആ ഭരണം, അതു ഒരു ദുർഭരണമായിരുന്നു എന്നു പറയുന്നതിൽ ആക്ഷേപമില്ല, കർഷകരെ എത്രയും മർദ്ദിച്ചുകൊണ്ടായിരുന്നു നടത്തിക്കൊണ്ടുപോന്നതെന്നു പറയാൻ എനിക്കു മാത്രമായ മടിയുമില്ല. കിടപ്പാടം ഇല്ലാത്തവർക്കു കിടപ്പാടവും, വീടില്ലാത്തവർക്കു വീടും, തൊഴിലില്ലാത്തവർക്കു തൊഴിലും കൊടുക്കുവാൻ സ്റ്റേറ്റു കോൺഗ്രസ്സ് ശ്രമിക്കുന്നതാണെന്നു് അവരുടെ മാനിഫെസ്റ്റായിൽ പറഞ്ഞിട്ടുണ്ടു്. ഇതിൽ കിടപ്പാടവും വീടും ഇല്ലാത്തവരുടെ കാര്യം തന്നെ ആദ്യമായി എടുക്കാം. വെറുതെ കിടക്കുന്ന സ്ഥലത്തു കയറി താമസിച്ചു അവിടെ ഷേണ്ഡിച്ചുകൊണ്ടു് ഉപജീവനം കഴിച്ചുകൊള്ളുവാൻ സഹായിക്കുന്ന ഒരു നിയമം ഇവിടെ മുൻപു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Malieckal.]

ണ്ടായിരുന്നു. അതനുസരിച്ച് പലരും സർക്കാർസ്ഥലങ്ങളിൽ പ്രവേശിക്കുകയും, അവിടെ പലമാതിരിയുള്ള ദേഹണ്ഡങ്ങൾ ചെയ്ത് ജീവിച്ചുപോരുകയും ചെയ്തുവന്നു. എന്നാൽ ഫെർണാ-ൽ അങ്ങനെയുള്ള അവകാശങ്ങളെ നിഷേധിച്ചുകൊണ്ടും താമസിച്ചുവരുന്ന ആളുകളെ ഇറക്കിവിടുവാൻ അനുശാസിച്ചുകൊണ്ടും ഒരു പുതുവൽചട്ടം ഇവിടെ ഉണ്ടായി. അങ്ങനെ ആ ചട്ടപ്രകാരം അനേകം സാധുക്കളെ ഇറക്കിവിട്ടു. ആ നിയമം ഇന്നും നിലവിലിരിക്കുകയാണ്.

മറെറാന്ന്, ഏലം കൃഷി ചെയ്യുന്നവരെപ്പററിയാണ്. പാണ്ടിക്കാരുടെ കുത്തകയായിത്തീർന്നിരുന്ന ആ കൃഷി, നാട്ടുകാരുടെ അധീനത്തിൽ വരുത്തുവാൻവേണ്ടി നാട്ടുകാരെ സഹായിക്കുന്ന ചില ചട്ടങ്ങളും ഫെർണാ-ൽതന്നെ ഇവിടെയുണ്ടാക്കി. ഈ രാജ്യത്തെ ഏലക്കൃഷി അഭിവൃദ്ധിപ്പെടുത്തിയാൽ കൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ആ നിയമം ഉണ്ടാക്കിയത്. ഫെർണാ-ൽ ആരെല്ലാം അനുവാദത്തോടുകൂടിയോ അനുവാദംകൂടാതെയോ സർക്കാർസ്ഥലങ്ങളിൽ പ്രവേശിച്ച് ഏലം കൃഷി നടത്തുന്നുണ്ടോ അവർക്ക് ആ സ്ഥലം പതിച്ചുകൊടുക്കുവാൻ വ്യവസ്ഥചെയ്തു. ആ വ്യവസ്ഥയനുസരിച്ച് അനേകായിരംപേർ ഏലക്കൃഷിചെയ്തു. എന്നാൽ, ഫെർണാ-ൽ, അനുവാദംകൂടാതെ പ്രവേശിച്ച് കൃഷിചെയ്തിട്ടുള്ളവർക്ക് ആ സ്ഥലം പതിച്ചുകൊടുത്തിട്ടില്ലെന്നുമാത്രമല്ല, അവിടെ പ്രവേശിച്ചതിന് അവരെ ശിക്ഷിക്കുകയും അവരെ ഇറക്കിവിടുകയും ചെയ്യുന്നതിനുവേണ്ടിയുള്ള നിയമം ഭേദഗതിചെയ്യുകയാണ് ചെയ്തത്. അങ്ങനെ അനേകായിരം കുടുംബങ്ങളെ അനുവദിച്ച സ്ഥലങ്ങളിൽ നിന്ന് ഇറക്കിവിട്ടിട്ടുണ്ട്. ഈ രാജ്യത്തിന് യാതൊരു രക്ഷയും കാണാതെ ഇങ്ങനെ ഇറക്കിവിട്ട അനുവദിച്ച അനേകം മലബാറിലെ വനങ്ങളിൽ ചെന്നായി കൃഷിചെയ്യാൻ തുടങ്ങി. അവിടെ മലമ്പനി പിടിച്ച് പലരും മരിച്ചു. കുറെപ്പേർ തിരിയെ ഇവിടെ വന്ന് അലഞ്ഞുതിരിയുന്നുണ്ട്.

കർഷകരെ പ്രധാനമായി ബാധിക്കുന്ന മറെറാരു കാര്യം കാർഷികാദായനികുതിയാണ്. കാർഷികാദായനികുതി ഏർപ്പെടുത്തുക എന്നതുതന്നെ ആദ്യമായി സ്വീകരിച്ചത് ഇവിടെയാണെന്നു തോന്നുന്നു. അതിനു മുൻപു എങ്ങുംതന്നെ, ബീഹാറിൽ ഒഴിച്ച്, കാർഷികാദായനികുതിക്കാര്യം ആലോചിച്ചിരുന്നില്ല. ആദ്യം അയ്യായിരം രൂപയ്ക്കു മേൽ മാത്രമേ കാർഷികാദായനികുതി ഏർപ്പെടുത്തിയിരുന്നുള്ളൂ. അതും താൽക്കാലികമായിട്ടാണ്; യുദ്ധകാലത്തേക്കു മാത്രമാണ് എന്നു പറ

LIBRARY ARCHIVES Kerala Legislative Assembly

ഞാണെ ഏർപ്പെടുത്തിയതു്. അയ്യായിരത്തിനുമേൽ ആദായമുള്ള വൻ നികുതി കൊടുക്കട്ടെ എന്നു സാമാന്യകർഷകർ വിചാരിച്ചു. എന്നാൽ, ചെറും അയ്യായിരം രൂപപോലും ആദായമില്ലാത്തവർക്കെല്ലാം അയ്യായിരക്കാരെന്നും പറഞ്ഞു നികുതി മുമത്തി. അതിനെപ്പറ്റി മുറവിളി കൂട്ടിയതിന്റെ മുപടി എന്നോണം അടുത്തകൊല്ലം കാർഷികാദായം എന്ന മാത്രമല്ല, സകല ആദായങ്ങളെയും ഉൾപ്പെടുത്തി ൪൫൦൦ രൂപക്കുമേൽ ഉള്ള തുകയ്ക്കു ആദായനികുതി ഏർപ്പെടുത്തി. ബ്രിട്ടീഷ് ഇൻഡ്യയിലാണെങ്കിൽ മൂവായിരം രൂപയ്ക്കുമേൽ മാത്രമേ ആദായനികുതിയുള്ളു. ഇവിടെ അതു് ൪൫൦൦ രൂപാ ആണു്. ബ്രിട്ടീഷിൻഡ്യയിൽ കാർഷികാദായത്തിനേലുള്ള നികുതി ൫൦൦൦ രൂപായ്ക്കു മാത്രമെ ആലോചിച്ചിട്ടുള്ളു. ഇനിയെങ്കിലും ഏതെങ്കിലും ക്രൂരവർമാരെങ്കിൽ ഈ കാർഷികാദായ നികുതി കൊടുക്കുവാൻ കഴിയാതിരുന്നതുകൊണ്ടു് വസ്തുക്കൾ ഉപേക്ഷിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളവരെയും ഉപേക്ഷിച്ചുപോയിട്ടുള്ളവരേയും ഞാൻ കാണിച്ചുകൊടുക്കാം. ഏറ്റവും ദുർവ്വഹമായി ചുമത്തിയിട്ടുള്ള ഈ കാർഷികാദായനികുതി കൊടുക്കുവാൻ നിവൃത്തിയില്ലാതെ വിഷമിച്ചു കഴിഞ്ഞ കൃഷിക്കാർ പല പ്പോഴും കടംവാങ്ങി ഗവണ്മെന്റിലേക്കു നികുതി കൊടുത്തതുമൂലം അനവധി വസ്തുക്കൾ കടത്തിൽപ്പെട്ടുപോയിട്ടുണ്ടു്. ഇവിടുത്തെ ക്രെഡിറ്റു ബാങ്കിലെ റിക്കാർഡുകൾ നോക്കിയാൽ അവിടെ അടുത്തകാലത്തു വന്നിരിക്കുന്ന കടംവായ്പ അപേക്ഷകളിൽ ഭൂരിഭാഗവും കാർഷികാദായനികുതി കൊടുക്കുന്നതു നിമിത്തം കൃഷിക്കും വസ്തുസംരക്ഷണത്തിനും പണമില്ലാഞ്ഞിട്ടു് അപേക്ഷിച്ചിട്ടുള്ളവയാണെന്നു നിഷ്പ്രയാസം മനസ്സിലാക്കാം.

ഇന്നാട്ടിലെ ഭരണകക്ഷിയെ ഇവിടുത്തെ കർഷകർ അനുകൂലിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നതു് പഴയ ഉർദ്ദരണത്തിൽ നിന്നും ഈ ഗവണ്മെന്റു അവരെ രക്ഷിക്കുമെന്നു വിശ്വസിച്ചിട്ടുമാത്രമാണു്. അല്ലാതെ ഭരണകാര്യങ്ങളിലുള്ള ആ കക്ഷിയുടെ തത്വങ്ങളും ആദർശങ്ങളും അറിഞ്ഞിട്ടോ, അവയെ പഠിപ്പിച്ചിട്ടോ അല്ല. അവരെ ഗവണ്മെന്റു നിരാശപ്പെടുത്തുന്നതു ശരിയല്ല. അതുകൊണ്ടു് ഈ രാജ്യത്തിന്റെ ക്ഷേമം കൈവരുത്തുവാൻ ഗവണ്മെന്റിന് അൽപ്പമെങ്കിലും ആഗ്രഹമുണ്ടെങ്കിൽ ആദ്യമായി ചെയ്യേണ്ടതു് ഈ രാജ്യത്തെ കർഷകരുടെ അഭിവൃദ്ധിയെക്കുടി ലാക്കാക്കി പ്രവർത്തനം നടത്തുകയെന്നുള്ളതാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Malieckal]

മറെറാരു കാര്യം, ഇവിടുത്തെ പൗരാവകാശമർദ്ദനമാണ്. ഫസ്റ്റ് ർ-ൽ ഒരു ക്രിമിനൽ ഭേദഗതി നിയമം ഇവിടെ നടപ്പാക്കി. പിന്നീട് ഫസ്റ്റ ഭ-ൽ മറെറാരു ക്രിമിനൽ ഭേദഗതിനിയമം കൊണ്ടുവന്നു. അതിനെ തുടർന്ന് രാജ്യരക്ഷാനിയമവും ജനങ്ങളുടെ മൗലികാവകാശങ്ങളെ നശിപ്പിക്കുന്ന ചില നിയമങ്ങളും പിന്നീട് ദേവാലയങ്ങളും ശ്മശാനങ്ങളും സ്ഥാപിക്കുന്നതിനെ നിരോധിച്ചുകൊണ്ടുള്ള നിയമവും ഇങ്ങനെ പൗരാവകാശധ്വംസകങ്ങളായ പലനിയമങ്ങളും ഒന്നൊന്നായി ഇവിടെ നടപ്പിൽ വരുത്തി. ഈ നിയമങ്ങളെല്ലാം ഇന്നും സ്റ്റാറ്റ്യൂട്ട് ബുക്കിൽ നില കൊള്ളുന്നു. ഫസ്റ്റ ന്ത-ലാണെന്നു തോന്നുന്നു പത്രറഗുലേഷൻ ആരംഭിച്ച കാലത്ത് ഇവിടത്തെ ജനപ്രതിനിധികൾ അവരുടെ പൗരാവകാശത്തെ നിഷേധിച്ചു എന്ന കാരണത്താൽ എത്ര കഠിനമായി അതിനെ പ്രതിഷേധിച്ചു എന്നു നോക്കിയാൽ ഇന്ന് ഈവക മർദ്ദന നിയമങ്ങളും ഒന്നൊന്നായി അങ്ങനെ സ്റ്റാറ്റ്യൂട്ടബുക്കിൽ വച്ചുകൊണ്ടിരിക്കുകയില്ലെന്നു കാണാം. എന്തായും എളുപ്പത്തിൽ ഈവക നിയമങ്ങളും റദ്ദുചെയ്യേണ്ടതാണെന്നു ഞാൻ ഗവണ്മെൻറിനെ ഉദ്ബോധിപ്പിക്കുന്നു.

ജനങ്ങളുടെ കാര്യമൊന്നും നോക്കാതെ ഇവിടത്തെ പണംമുഴുവൻ മറെറ കാര്യങ്ങളിൽ ഉപയോഗിച്ചുകൊണ്ടാണിരുന്നതെന്നുള്ളതു് ഇവിടുത്തെ ഫൈനാൻസുകാര്യങ്ങളും നോക്കിയാൽ അറിയാം. മേലാൽ അങ്ങനെ വരരുതെന്നാണ് ഞാൻ ഗവണ്മെൻറിനെ അറിയിക്കുന്നതു്. അതായതു സ്ഥലവരുതി നിന്നും പിരിക്കുന്ന തുകയുടെ ഒരു ക്ലിപ്തശതമാനം അതാതു സ്ഥലത്തുതന്നെ ചെലവാക്കണമെന്ന ഒരു നയം സ്വീകരിക്കുന്നതു നന്നായിരിക്കും. അമേരിക്കയിൽ കൗണ്ടി അഡ്മിനിസ്ട്രേഷൻ സിറ്റിഷിപ്പ്, ടൗൺഷിപ്പ്, സ്റ്റേറ്റ്സ എന്നിവയിലെ വരവുകളെ സംബന്ധിച്ചും അങ്ങനെ ഒരു വ്യവസ്ഥയുണ്ട്. അതായതു സിറ്റികളിൽ നിന്നും ടൗണുകളിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ ഒരംശം, ആ സ്ഥലത്തുതന്നെ ചെലവാക്കുന്നു. ഇൻഡ്യൻയൂണിയനിൽ ഈ നയം അംഗീകരിച്ചിട്ടുണ്ടെന്നു കാണാം. അതേ നയം ഇവിടെയും അനുകരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

ഇവിടത്തെ ബഡ്ജറ്റു നോക്കിയാൽ അതേപ്പററി പലവ്യാഖ്യാനങ്ങളും നടത്തുവാൻ കാണും. അതിനൊന്നിനും ഞാൻ ഇപ്പോൾ മുനിയുന്നില്ല. എന്നാൽ എന്റെ ദൃഷ്ടിയിൽപ്പെട്ട ഒരു കാര്യം ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഫിനാൻഷ്യൽ ബുള്ളറ്റിൻ പ്രകാരത്തിൽ ഒരു ലക്ഷം രൂപാ ഉണ്ടായിരുന്നതു് ഇപ്പോൾ ഒരു ലക്ഷമായിരിക്കുന്നു. ഒരു ലക്ഷം കാണ്മാനില്ല. അതുപോലെ പോർട്ടേറ്റേറ്റേം ഡിപ്പോസിറ്റ്സ് ഇൻ ബാങ്ക്സ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ സ്വന്തം ലക്ഷം രൂപാ ഉണ്ടായിരുന്നതു ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ നൂറു ലക്ഷം കുറഞ്ഞിരിക്കുന്നു. ഏകദേശം ഒരു കോടി രൂപയുടെ കുറവാണു് അതിൽ കാണുന്നതു്. Surplus investment in Gilt Edged Securities ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ ഒന്നര ലക്ഷം ഉണ്ടായിരുന്നതു് ഇരുപതിന്റെ ലക്ഷമായി ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ കുറഞ്ഞിരിക്കുന്നു. ഇൻഡസ്ട്രീസിലുള്ള ഓഹരികൾക്കും മറ്റുമായി ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ ആകെ ഇരുപതു ലക്ഷം രൂപാ മുടക്കിയിരുന്നതു് ഇപ്പോൾ പതിനൊന്നു ലക്ഷം രൂപയായി കുടിയിരിക്കുന്നു. ഇതെങ്ങനെ വന്നുവെന്നു ഞാൻ അന്വേഷിച്ചതിൽ എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു് ഇതിനു മുമ്പ് ഇവിടെ ഉണ്ടായിരുന്ന ഭരണാധികാരികളും ഈ കമ്പനികളിൽ ഓഹരികൾക്കുവേണ്ടി മുടക്കിയിരുന്ന മൂലധനം കമ്പനി നഷ്ടപ്പെട്ടുവെന്നു കണ്ടപ്പോൾ ഗവണ്മെന്റു ചെലവിൽ ആ ഓഹരി ഗവണ്മെന്റിലേയ്ക്കു കൈമാറംചെയ്തുകൊണ്ടുവന്നതാണെന്നാണു്. ഈ കൂടുതൽ തുക അങ്ങനെയാണോ വന്നതെന്നു് അന്വേഷിച്ചറിയേണ്ടതാണു്. കൂടാതെ ക്യാഷ് ബാലൻസ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ ഒന്നു ലക്ഷം ഉണ്ടായിരുന്നതു് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ ഒരു ലക്ഷമായി കുറഞ്ഞിരിക്കുന്നു. ഈ ഒരു ലക്ഷം രൂപയുടെ നഷ്ടം അവിടെയും വന്നിരിക്കുന്നു. ഇങ്ങനെ തെരെയും ബോദ്ധ്യപ്പെടുത്താതെ ഫിനാൻ കോടി രൂപ കിടപ്പുണ്ടു്. ഈ ഫിനാൻ കോടി രൂപ എങ്ങനെ പോയി എന്നുള്ളതു ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു്. ഫിനാൻസ് മുതൽ ഇവിടത്തെ ഒരു ഫണ്ടിലേയ്ക്കു് ഗവണ്മെന്റു ഡിപ്പോസിറ്റു ചെയ്തിട്ടുണ്ടു്. അതിപ്പോൾ ഏകദേശം മൂന്നര കോടി രൂപയോളം വരും. ആ സംഖ്യയും കാണുന്നില്ല. ഞാൻ ഉദ്ദേശിച്ചതു് ദേവസ്വം ഫണ്ടിനെപ്പറ്റിയാണു്. ഇങ്ങനെ കുറഞ്ഞതു ഫിനാൻ കോടി രൂപയുടെ ആരെങ്കിലും ഉത്തരം പറയണം.

സർ, ഈ വക കുഴപ്പങ്ങളെല്ലാം ഉണ്ടായതു് ഇവിടത്തെ പബ്ലിക്ക് സർവ്വീസിന്റെ തകരാറു കൊണ്ടാണു്. ഇവിടത്തെ പബ്ലിക്ക് സർവ്വീസിനെപ്പറ്റി എനിക്കു പലതും പറയുവാനുണ്ടു്. ഭരണാധികാരികളെ അനുസരിക്കുവാൻ എപ്പോഴും പബ്ലിക്ക് സർവ്വീസു തയാറായിരിക്കണം. ഒരു ഗവണ്മെന്റുമാറി മറെറാരു ഗവണ്മെന്റു വന്നിരുന്നാലും ഈ പബ്ലിക്ക് സർവ്വീസുതന്നെയാണു് അവരെയും സഹായി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Malieckal.]

ക്കേണ്ടതു്. എന്നാൽ പുതിയഭരണത്തിൽ അതൃപ്തിയുള്ളവരും അതിൽ കുഴപ്പമുണ്ടാക്കാമെന്ന ഉദ്ദേശത്തോടുകൂടി അതിന്റെ അടിത്തട്ടു മാന്തുന്ന വരുമായി ഇവിടത്തെ പബ്ലിക്ക് സർവ്വീസിൽ ഇരിക്കുന്നവരുണ്ടെങ്കിൽ അങ്ങനെയുള്ളവരെ ഒരു നിമിഷം പോലും സർവ്വീസിൽ വച്ചുകൊണ്ടിരിക്കുവാൻ പാടില്ല. നമ്മുടെ ഭരണത്തെ ഒരു കുതിരയോടുപമിക്കാം. അതിന്റെ കടിഞ്ഞാൺ ഇപ്പോഴും കഴിഞ്ഞ കാലത്തെ സാരഥികളുടെ കൈയിൽ തന്നെ ഇരിക്കുന്നു. ആ കുതിര ജനങ്ങളുടെ മേൽ ചവിട്ടി ക്കൂട്ടി പലരേയും വീഴ്ത്തിയിരിക്കുന്നു. ബാക്കിയുള്ള ജനങ്ങളുടെ മേൽ കുതിച്ചു കയറുവാൻ ഒരുങ്ങിനിൽക്കുന്നു. അതു വലിയ ആപത്താണ്. അതിന്റെ—ആ കുതിരയുടെ കടിഞ്ഞാൺ ഇപ്പോഴത്തെ കൈവശക്കാരിൽ നിന്നു പിടിച്ചെടുത്തു വിശ്വസ്തന്മാരായ ആളുകളുടെ പക്കൽ കൊടുത്തു വീണുകിടക്കുന്ന ജനങ്ങളെ ഉയർത്തി എല്ലാ ജനങ്ങളുടെ കയ്യിലും വിജയക്കൊടി കൊടുത്തു ജൈത്രയാത്രയായി മുന്നോട്ടുപോകുവാൻ ഇടയാകുന്നതിനുള്ള പൊതുജനങ്ങളുടെ പ്രതീക്ഷ സാധിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

MR. R.SANKAR : സർ, ഈ ബഡ്ജറിനെ തിരുവിതാംകൂറിലെ ജനങ്ങൾ വളരെ പ്രതീക്ഷകളോടെയാണു നോക്കിക്കൊണ്ടിരിക്കുന്നതു എന്നു എല്ലാവരും സമ്മതിക്കുന്ന ഒരു വസ്തുതയാണ്. ഫിനാൻ-ബഡ്ജറ് അവതരിപ്പിച്ചുകൊണ്ടു ബഹുമാനപ്പെട്ട ഫൈനാൻസ് മിനിസ്റ്റർ ചെയ്ത പ്രസംഗത്തിൽ ഈ രാജ്യത്തിന്റെ ഭാവിയെ ഇന്നു് അധികാരത്തിൽ വന്നിരിക്കുന്ന ജനകീയ ഗവണ്മെന്റു് ഏതു വിധത്തിലാണു നയിച്ചുകൊണ്ടുപോകുവാൻ തുടങ്ങുന്നതെന്നുള്ളതിന്റെ ഒരു സൂചനയെങ്കിലും അടങ്ങിയിരിക്കുന്നതായിരിക്കും എന്നുള്ള വിചാരത്തോടുകൂടിയായിരിക്കണം ഈ രാജ്യത്തെ സ്നേഹിക്കുന്നവരായ ആളുകൾഅതിനെ വീക്ഷിച്ചതു്. ഇവിടത്തെ സാമാന്യജനങ്ങളുടെ അഭിവൃദ്ധിയെ ആസ്പദമാക്കി, അതു മാനദണ്ഡമാക്കി ആയിരിക്കും രാജ്യസ്നേഹികൾ ഈ ബഡ്ജറിനെ നോക്കിയതു്. ആ രീതിയിൽ നോക്കിയാൽ കാണുവാൻ കഴിയുന്ന ചില സംഗതികളെപ്പറ്റി അൽപം ചിലതു സംസാരിക്കണമെന്നു മാത്രമെ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. നാം ഇന്നു് ഈരാജ്യത്തിന്റെ ചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ഘട്ടത്തെ തരണം ചെയ്യുകയാണെന്നുള്ളതു് മറന്നുകൂടാത്തതാണു്. രാഷ്ട്രീയമായി വന്ന പല മാറ്റങ്ങളെപ്പറ്റി പ്രത്യേകിച്ചു പറയേണ്ടതില്ല. സ്വപ്രയത്നം അവസാനിച്ചു ജനങ്ങൾക്കു ഹിതമുള്ള രീതിയിൽ അവർക്കു് നിയ

LIBRARY ARCHIVES Kerala Legislative Assembly

ന്ത്രിക്കാവുന്നതും അവരോട് ഉത്തരവാദിത്വമുള്ളതുമായ ഒരു ഗവണ്മെന്റാണ് ഇന്ന് അധികാരത്തിലിരിക്കുന്നത്. സാമ്പത്തികാവസ്ഥയിലും വലിയ ഒരു മാറ്റം വരുത്തിയിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങൾ തിരുവിതാംകൂറിന്റെ ചരിത്രത്തിൽ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളവും ജനങ്ങളിൽ ഭാഗ്യവാന്മാരായ ഒരു വിഭാഗക്കാരെ സംബന്ധിച്ചിടത്തോളവും ഏറ്റവും ആനുകൂല്യമായ ഒരു ഘട്ടമായിരുന്നു എന്നുള്ളതിന് സംശയമില്ല. സാമാന്യജനങ്ങൾ പോലും ഒരു വിധം ധനക്കൊഴുപ്പ് അനുഭവിച്ചിരുന്ന ഒരു കാലഘട്ടം ക്രിയായിരുന്നകഴിഞ്ഞ യുദ്ധകാലം. എന്നാൽ അതു അവസാനിച്ച് വീണ്ടും ഒരു സാമ്പത്തികാധഃപതനത്തിലേയ്ക്കു നാം കടന്നുപോവുകയാണെന്നുള്ളതിന്റെ ലക്ഷണങ്ങൾ ധാരാളം കാണുന്നുണ്ട്. ഈ രാജ്യത്തെ തൊഴിലില്ലായ്മയും നാം വിറ്റു പണമുണ്ടാക്കുന്ന സാധനങ്ങൾക്ക് ഉണ്ടായിട്ടുള്ള വിലക്കുറവും ഇപ്പോൾ തന്നെ കുറെയൊക്കെ കഷ്ടതകൾ അനുഭവപ്പെടുത്തിയിട്ടുണ്ട്. ഗവണ്മെന്റിന്റെ സാമ്പത്തിക നിലയും മുൻപിലത്തെപ്പോലെ സുശക്തവും സുരക്ഷിതവുമല്ലെന്നു കാണാവുന്നതാണ്. ബഡ്ജറിനെ ഇത്തു കടന്ന് നോക്കി സാമ്പത്തികസ്ഥിതിയെ അപഗ്രഥിച്ച് എന്തെങ്കിലും കാര്യങ്ങൾ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. കേവലം ഒരു സാധാരണക്കാരന്റെ ദൃഷ്ടിയിൽ ബഡ്ജറിനകത്തുള്ള സാങ്കേതികകാര്യങ്ങൾ കാണുവാൻ കഴിയാത്ത ഒരാൾ ഈ ബഡ്ജറിനെ എങ്ങനെ വീക്ഷിക്കുന്നുവോ ആ നിലയിൽ വീക്ഷിക്കുവാനാണ് ഞാൻ വിചാരിക്കുന്നത്.

ഈ രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വരവാണ് ഫസലി-ൽ ഉണ്ടായത്. ഈ ആണ്ടത്തെ വരവ് ൯൫൫ ലക്ഷം രൂപാ എന്നു പ്രതീക്ഷിച്ചിരുന്നുവെങ്കിലും യഥാർത്ഥത്തിൽ ഉണ്ടായ വരവ് ൯൯൫ ലക്ഷം രൂപയാണ്. ഇത്രയും വലിയ ഒരുമുതലെടുപ്പ് ഈ രാജ്യത്തിന് ഇതിനുമുൻപുണ്ടായിട്ടില്ല. എന്നാൽ അടുത്തകൊല്ലത്തേയ്ക്കു പ്രതീക്ഷിക്കുന്നതു ൮൫൫ ലക്ഷം രൂപമാത്രമാണ്. ഇങ്ങനെ ഇപ്പോഴത്തെ മുതലെടുപ്പു ഫസലി-ൽ ഏറ്റവും ഉച്ചസ്ഥാനത്തെത്തി വീണ്ടും പുറകോട്ടിറങ്ങി അടുത്ത കൊല്ലം ഫസലി-ലെ മുതലെടുപ്പിനെക്കാൾ ൨൫ ലക്ഷം രൂപ കുറവു വരുന്ന ഒരു ദശയിലേയ്ക്ക് ഈ രാജ്യത്തിന്റെ സാമ്പത്തികനില പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ നിന്നുവേണം നാം ഈ ബഡ്ജറിനെ വീക്ഷിക്കേണ്ടതു്, അതുപോലെതന്നെ ജനങ്ങൾക്ക് നിയന്ത്രിക്കുവാൻയാതൊ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Sankar.]

രധികാരവുമില്ലാത്ത ഒരു ഗവണ്മെന്റു ഉണ്ടാക്കിവച്ചിട്ടുള്ള ശക്തിയുള്ള ഒരു ഭരണകൂടത്തിനകത്തു ജനപ്രതിനിധികൾ ആദ്യമായി പ്രവേശിച്ച കഴ്വുള്ളപോലെ കാര്യങ്ങൾ പഠിച്ചു് പൊതുജനക്ഷേമത്തിനുതകുന്ന പരിപാടികൾ രൂപീകരിക്കുവാൻ ശ്രമിക്കുന്നതേയുള്ളു എന്ന വസ്തുതയും നാം ഓർമ്മിക്കേണ്ടതാണു്. ഇതൊക്കെയായാലും ശരി, തങ്ങൾ അധികാരത്തിൽ വരുമ്പോൾ തിരുവിതാംകൂർ സ്റ്റേറ്റുകോൺഗ്രസ്സു ചെയ്യുമെന്നു് ഈ രാജ്യത്തെ ജനങ്ങളെ വിശ്വസിപ്പിച്ചിട്ടുള്ള പലതിന്റെയും ഒരു സൂചനപോലും ഇതിൽ കാണുന്നില്ല എന്ന പരമാർത്ഥം വളരെ വ്യസനത്തോടുകൂടിയാണെങ്കിലും പറയാതെ നിവൃത്തിയില്ല. ഈ ബഡ്ജറ്റു് ഇപ്പോഴത്തെ വ്യവസായക്ഷീണത്തെപ്പറ്റിയോ ഈ രാജ്യത്തെ സാമാന്യജനങ്ങളെ സ്പർശിക്കുന്ന വിവിധങ്ങളായ മറ്റു പ്രശ്നങ്ങളെപ്പറ്റിയോ യാതൊരു പരിഹാരവും നിർദ്ദേശിക്കുന്നില്ലെന്നു് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. നേഷൻ ബിൽഡിംഗ് ഡിപ്പാർട്ടുമെന്റു എന്നു പറയുന്ന ഡിപ്പാർട്ടുമെന്റുകൾക്കായി കഴിഞ്ഞവർഷത്തെക്കാൾ വളരെ കൂടുതൽ പണം മാറ്റിവച്ചിട്ടുണ്ടെന്നു് ഞാൻ സന്തോഷത്തോടുകൂടി കണ്ടു. എന്നാൽ ജനങ്ങളുടെ പ്രതീക്ഷയാതിലും വളരെ വലുതാണെന്നുള്ളതു് ബഡ്ജറ്റു തയാറാക്കിയ മിനിസ്റ്റർ അവർകൾ ഓർത്തിട്ടുണ്ടോ എന്നു എനിക്കു സംശയമുണ്ടു് ഒരു പക്ഷേ ഒരു സമരം നടത്തേണ്ടിയിരുന്ന കാലത്തു് ജനങ്ങളുടെ പരിപൂർണ്ണമായ പിൻതുണ കരസ്ഥമാക്കാൻവേണ്ടി പ്രയോഗത്തിൽ വരുത്താൻ പ്രയാസമുള്ള പല വാഗ്ദാനങ്ങളും ചെയ്തു പോയിരിക്കാം. എങ്കിലും അവരുടെപ്രതീക്ഷ വളരെ വലുതാണു്. അതു് സാധൂകരിക്കുവാൻ ഗവണ്മെന്റു വളരെയധികം ചെയ്യുന്നുണ്ടെന്നു അവരെ ബോദ്ധ്യപ്പെടുത്തുന്നതിലേയ്ക്കായി ഫൈനാൻസു മിനിസ്റ്ററുടെ പ്രസംഗവും ബഡ്ജറ്റും കുറെക്കൂടി ഉപയോഗപ്പെടുത്താമായിരുന്നു. ജനങ്ങളുടെ സാമ്പത്തികസ്ഥിതി വളരെ മോശമാണു്. തിരുവിതാംകൂറിനെപ്പോലെയുള്ള ഒരു രാജ്യത്തെസാമ്പത്തികസ്ഥിതി മറ്റു പലതിനെക്കാളും ആശ്രയിച്ചിരിക്കുന്നതു് ഭൂമിയെയാണു്. ഇവിടത്തെ ഭൂമി പരിശോധിച്ചാൽ കൊള്ളാം വളരെ കുറച്ചു മാത്രമെയുള്ളു എന്നു കാണാം. ഭൂമി ഒട്ടും വർദ്ധിക്കുന്നില്ല. ജനസംഖ്യ അടിക്കടി ഏറിയേറി വരുന്നു ഇപ്പോൾ കൃഷിക്കു് ഉപയുക്തമായിട്ടുള്ളതു് കണ്ടിച്ചു കൃഷിയുടെ ലക്ഷം ഏക്കർ സ്ഥലമാണു്. അതിൽ കുറെയധികം സ്ഥലം വീടുകൾ വയ്ക്കുന്നതിനും മുറ്റങ്ങൾക്കും ക്ഷേത്രപ്പറമ്പുകൾക്കും മറ്റുമായി കൃഷിക്കു ഉപയോഗപ്പെടാത്ത സ്ഥലങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

പ്പോയി. ബാക്കി ഉദ്ദേശം 4 ലക്ഷം ഏക്കർ സ്ഥലത്തോളം കൃഷിക്കു ഉപയോഗിക്കുവാൻ കിട്ടിയാലായി. ഇപ്പോഠം നിലവിലിരിക്കുന്ന നിയമങ്ങളുടെ ഫലമായും മറും ഈ സ്ഥലങ്ങൾ പലപല തുണ്ടുകളായി പോയിട്ടുണ്ടെന്നു എല്ലാവക്കും അറിയാം. ഈ രാജ്യത്തെ കൃഷി നന്നാകണമെങ്കിൽ ഈ ഭൂമിയെ തുണ്ടുതുണ്ടാക്കിക്കൊണ്ടുപോകുന്നതിനു സഹായിക്കുന്ന നിയമങ്ങൾ ഇല്ലാതാക്കി, അവയെ ഒന്നുചേർത്തു വലിയ ബ്ലോക്കുകളാക്കി കൃഷി ചെയ്യത്തക്കവണ്ണം നിയമംമൂലം വ്യവസ്ഥചെയ്യേണ്ടതാണെന്നുള്ളതു ആരും സമ്മതിക്കും. ഇതിന്റെ യാതൊരു സൂചനയും ബഡ്ജറു പ്രസംഗത്തിൽ കണ്ടില്ല.

കൃഷിയെ സംബന്ധിക്കുന്ന വേറൊരു മുഖ്യസംഗതി കാഷ്ികാഭായനികുതിയാണ്. കാർഷികാഭായനികുതി കർഷകക്കു് വലിയ ഒരു ഭാരം ഉണ്ടാക്കിയിട്ടുണ്ടെന്നു് ഏതൊരു മാന്യസ്നേഹിതൻ ഇവിടെ പറയുകയുണ്ടായി. സത്യത്തിൽ ഈ രാജ്യത്തെ നൂറിലക്ഷം ജനങ്ങളിൽ, കാഷ്ികാഭായനികുതി കൊടുക്കേണ്ടവർ ഒരു ലക്ഷം പോലും വരികയില്ല. കാർഷികാഭായനികുതി കൊടുക്കാത്ത സാധുക്കളായ ബഹുഭൂരിപക്ഷം കർഷകജനങ്ങളുടെ വോട്ടോടുകൂടി വന്നിരിക്കുന്ന സാമാജികന്മാരാണു് ഇവിടെ ഇരിക്കുന്നവരിൽ അധികംപേരും. ഈ വോട്ടു നൽകിയ പാവങ്ങൾക്കു് സ്വന്തമായി ഭൂമി അശേഷവും ഇല്ല. ഭൂമി കൃഷിചെയ്യുന്നവന്റെ വകയായി തീരുന്നതിനു് വേണ്ട വ്യവസ്ഥയുണ്ടാക്കുന്നതിനു് ഇന്നതന്നെയല്ലെങ്കിലും, ഭാവിയിലെങ്കിലും പ്രവർത്തനത്തിൽ വരുത്തക്കവണ്ണം വേണ്ട നടപടികൾ നടത്തുവാൻ ഗവണ്മെൻറു നിശ്ചയിച്ചിരിക്കുകയാണെന്നുള്ള ഒരു സൂചന ഇപ്പോഴേ കൊടുക്കേണ്ടതായിരുന്നു. ഏറ്റവും വിപ്ലവാത്മകമായ ഒരു പരിതഃസ്ഥിതി ഗവണ്മെൻറിനെ തുറിച്ചുനോക്കിക്കൊണ്ടിരുന്നിട്ടും ഈ വിഷയത്തിൽ ഒരു സൂചനയും നൽകാതെയാണു് ബഡ്ജറു തയ്യാറാക്കിയിരിക്കുന്നതായി കാണുന്നതു്. ബഡ്ജറിനകത്തു് വല്ലതും കുടപ്പുണ്ടോ എന്നെനിക്കു നിശ്ചയമില്ല. ഏതായാലും പ്രകടമായ യാതൊരു സൂചനയും ബഡ്ജറിൽനിന്നു് കാണുന്നില്ലെന്നു് പറയാതെ തരമില്ല. പുരുക്കത്തിൽ ഗവണ്മെൻറിന്റെ ലാൻഡ് പാളിസി എന്താണെന്നു വ്യക്തമാക്കിയിട്ടില്ല.

നമ്മുടെ സാമ്പത്തികസ്ഥിതിക്കു് ആശ്രയമായിരിക്കുന്ന മറ്റു ഘടകങ്ങൾ സംഘടിതവ്യവസായങ്ങളും, കുടിൽവ്യവസായങ്ങളുമാണു്. ബഡ്ജറിൽ സംഘടിതവ്യവസായത്തിനു പറ്റിയ അധഃപതനത്തെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ടു്. എല്ലാ താക്കോൽ വ്യവസായങ്ങളേയും (അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Sankar.]

പറയാമെങ്കിൽ) എല്ലാ മൗലിക വ്യവസായങ്ങളെയും ദേശീയമാക്കിത്തീർക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ? ദേശീയമാക്കിത്തീർക്കുക എന്നുള്ളതാണു ഗവണ്മെൻറിന്റെ നയമെന്ന് മുൻപ്, പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ, ഇതു സംബന്ധിച്ച് ഗവണ്മെൻറിന്റെ നയം എന്താണെന്നുള്ള ഒരു സൂചനപോലും ബഡ്ജറ്റ് പ്രസംഗത്തിൽ കാണുന്നില്ല. വ്യാവസായികമായി ഗവണ്മെൻറിന്റെ നയം എന്താണെന്നു വ്യക്തമാക്കിയിട്ടില്ല. എന്നാൽ എല്ലാ വ്യവസായങ്ങൾക്കും കടം കൊടുക്കുക എന്നുള്ള പതിവു ഗവണ്മെൻറ് നിറുത്തി ഗവണ്മെൻറ് നടത്തുന്നതോ, ഗവണ്മെൻറിന്റെ നിയന്ത്രണത്തിലുള്ളതോ ആയ വ്യവസായങ്ങൾക്കു മാത്രമെ മേലാൽ കടം കൊടുക്കുകയുള്ളൂ എന്നു് പ്രസ്താവിച്ചിട്ടുണ്ട്. അതു് മതിയോ എന്നു് സംശയമാണു്. മുഖ്യവ്യവസായങ്ങളെ എങ്കിലും ഗവണ്മെൻറ് ഏറ്റെടുക്കാതിരിക്കുകയും അതേ സമയം സ്വകാര്യവ്യവസായങ്ങൾക്കു വേണ്ട സഹായവും പ്രോത്സാഹനവും നൽകാതിരിക്കുകയും ചെയ്യുന്നതു് അപകടകരമായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ഇവിടെനിന്നു കയറ്റി അയയ്ക്കുന്ന സാധനങ്ങൾക്കു വിലക്കുറവു വരുന്നതിനെ പരിഹരിക്കുന്നതിനായി ഗവണ്മെൻറ് നിരദ്ദേശിക്കുന്നതു് ഇവിടത്തെ വ്യവസായികളും, ഇവിടത്തെ ചേയിംബേഴ്സ് ആഫ് കാമേഴ്സും വിദേശരാജ്യങ്ങളുമായി ഇടപെട്ടു് വേണ്ട മാർഗ്ഗം കണ്ടുപിടിക്കണം എന്നാണു്. ഇതു സംബന്ധിച്ചു് എനിക്കു പറയുവാനുള്ളതു്, ഇവിടത്തെ ചേയിംബേഴ്സ് ആഫ് കാമേഴ്സും ഗവണ്മെൻറുമായി ആലോചിച്ചു് അധികൃതമായ ഒരു ഡെലിഗേഷൻസിനെ വിദേശരാജ്യങ്ങളിലേക്കയച്ചു് മാർഗ്ഗം കണ്ടുപിടിക്കുവാൻ ശ്രമിക്കണമെന്നാണു്. അതു ചെയ്തില്ലെങ്കിൽ നമ്മുടെ കയറ്റുമതി വളരെ കുറഞ്ഞുപോകും. ഒരു രാജ്യത്തെ കയറ്റുമതി കുറയുന്നതു് ഗവണ്മെൻറിനെയും ജനങ്ങളെയും സാരമായി ബാധിക്കുന്ന ഒരു നഷ്ടമാണു്. ഇപ്പോൾതന്നെ കയർ സാധനങ്ങൾക്കു വിദേശമാർക്കറ്റുകളിൽ കുഴപ്പങ്ങൾ വന്നതുകൊണ്ടു് വില വളരെ ഇടിയുകയും തന്നിമിത്തം കയർപിരിച്ചും, കയർ വ്യവസായം ചെയ്തും ഉപജീവിച്ചുപോരുന്ന അനേകായിരംപേർക്കു് വലിയ വൈഷമ്യം നേരിടുകയും ചെയ്തിരിക്കുന്നു. രാജ്യത്തുണ്ടാകുന്ന സകല അസ്വസ്ഥതകൾക്കും കുഴപ്പങ്ങൾക്കും കാരണം തൊഴിലില്ലായ്മയാണെന്നു ഗവണ്മെൻറു ധരിക്കേണ്ടതാണു്. അതുകൊണ്ടു ചെയിംബേഴ്സ് ആഫ് കാമേഴ്സും ഗവണ്മെൻറുമായി ഗാഢമായി ആലോചിച്ചു് ഇതിനു ഒരു പരിഹാരം കണ്ടുപിടിക്കേണ്ടതാണെന്നു് പറഞ്ഞുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കുടിൽവ്യവസായങ്ങളാണെങ്കിൽ, ഇപ്പോഴുംതന്നെ അവ വളരെ അധഃപതിച്ചിരിക്കുകയാണ്. ഈ രാജ്യത്തെ ഏറ്റവും മുഖ്യമായ കുടിൽവ്യവസായം, കൈത്തറിനെയ്ത്താകുന്നു. കുടിയന്തിരപ്രമേയം തന്നെ അവതരിപ്പിച്ച് ഈ വിഷയത്തെപ്പറ്റി ചർച്ചചെയ്താലും തരക്കേടില്ലെന്നു തോന്നുമാറ് ആ വ്യവസായം അധഃപ്പതിച്ചിരിക്കുന്നു. വീണ്ടും നൂലിനും തുണിക്കും നിയന്ത്രണം വരുത്തുവാൻ പോകുകയാണ്. ഈ കുടിൽവ്യവസായത്തെ വേണ്ടവിധം അഭിവൃദ്ധിപ്പെടുത്തുവാൻ ഈ അവസരം ഉപയോഗപ്പെടുത്തേണ്ടതാണെന്നു മാത്രമെ എനിക്കു പറയുവാനുള്ളൂ. ഗവണ്മെൻറു ഭാഗത്തുനിന്നും ഈ വിഷയത്തെപ്പറ്റി കാര്യമായി ഒന്നുംതന്നെ ചെയ്യാൻ പോകുന്നതായി കാണുന്നില്ല. ബഡ്ജറിൽ കോവാപ്പറേറീവു സൊസൈറ്റികൾക്കായി കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് കൂടുതൽപണം കൊള്ളിച്ചിട്ടുണ്ട്. ഒരു പക്ഷെ, അത്തരം സംഘങ്ങളുടെ അഭിമുഖ്യത്തിൽ ഇവിടത്തെ കുടിൽവ്യവസായങ്ങളെ പോഷിപ്പിക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കുമോ ആ പണം കൊള്ളിച്ചിട്ടുള്ളതെന്നു എനിക്കു നിശ്ചയമില്ല. ഏതായാലും ഈ വിഷയത്തിൽ ഗവണ്മെൻറു കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

ഞാൻ ഒരു പ്രധാനപ്പെട്ട കാര്യത്തെക്കുറിച്ചു പറയാൻ മറന്നു പോയി അതു് പ്രൊഹിബിഷനെപ്പറ്റിയാണ്. ഇതു് വളരെനല്ല കാര്യം തന്നെയുകൊണ്ടും, പല മെമ്പറന്മാരും ഇതിനെക്കുറിച്ചു് ഇവിടെ സംസാരിച്ചതുകൊണ്ടും ഇതു് ഉടനടി നടപ്പാക്കുവാൻ ഗവണ്മെൻറു ഉദ്ദേശിച്ചതിൽ ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കുന്നു എന്നുമാത്രം പറഞ്ഞുകൊണ്ടു ആ ഭാഗം വിടുന്നു.

പിന്നീടു്, ഇവിടത്തെ സമ്പത്തിനേ വളരെ സാരമായി ബാധിക്കുന്ന ഒന്നു് ഇവിടത്തെ മിനറൽസു് അതായതു ധാതുദ്രവ്യങ്ങളാണ്. അവയെ ആശ്രയിച്ചാണു് രാജ്യത്തിലെ സാമ്പത്തികസ്ഥിതി നിലനിൽക്കുന്നതെന്നുള്ളതു് പരമാർത്ഥം മാത്രമാണു്. ഇപ്പോഴുംതന്നെ സാരമായ വരവു ഈ ഇനത്തിൽ ഉണ്ടെന്നു സമ്മതിക്കാമെങ്കിലും സാധാരണ തിരുവിതാംകൂറിലെ ധാതുദ്രവ്യങ്ങളുടെയെല്ലാം എന്നതന്നെ ഇപ്പോൾ നിശ്ചയമില്ലാതായിട്ടാണിരിക്കുന്നതു്. വളരെ മുമ്പു തുടങ്ങിയ ഒരു ജീയോളജിക്കൽ സർവേ അനുസരിച്ചുള്ള ഒരു റിപ്പോർട്ടെങ്കിലുണ്ടെന്നല്ലാതെ പിന്നെ അതിനപ്പുറം ഒരു പടി മുന്നോട്ടു പോയിട്ടില്ല. അതിനാൽ കഴിയുന്നതും വേഗത്തിൽ ഒരു ജിയോളജിക്കൽ എക്സ്പെർട്ടിനെ വരുത്തി ഒരു സർവേ നടത്തേണ്ടതാണു്. ഇപ്പോഴത്തെ ബഡ്ജറിൽ ഈ ഇനത്തിലേക്കു് നാൽപ്പത്തൊൻപതിനായിരം രൂപയോ മറ്റോ അനുവദിച്ചിട്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Sankar.]

ഉള്ളതായി കാണുന്നു. ഇതു് എസ്റ്റാബ്ലിഷ്മെൻറ് മുതലായവയെല്ലാം കഴിഞ്ഞു, വല്ലതും ആ കായ്ത്തിലേക്കു് ചെലവുചെയ്യുവാൻ സാധിക്കുമോ എന്നു സംശയമാണു്. ഇതൊക്കെ ചെറിയ കായ്ങ്ങളാണു്. ഗവണ്മെൻറിൻെറ ശ്രദ്ധ ഈ ഇനങ്ങളിൽക്കൂടി പതിയേണ്ടതായിരുന്നു.

മറെറാന്നു പറയുവാനുള്ളതു് ആശുപത്രികളിലേ കാര്യമാണു്. ജനങ്ങളുടെ സാമ്പത്തികസ്ഥിതി എത്രയൊക്കെ നന്നായിരുന്നാലും ആരോഗ്യസ്ഥിതി നന്നായിരുന്നില്ലെങ്കിൽ ആകപ്പാടെ ജനങ്ങളുടെ സ്ഥിതി കഷ്ടത്തിലാകും. ആശുപത്രികളിലെ സ്ഥിതി വളരെ ദയനീയമാണെന്നു് എല്ലാവക്കും അറിയാം. ആവശ്യത്തിലധികം ഡോക്ടറന്മാർ ഉണ്ടു്. എന്നാൽ നേഴ്സുകളോ മിഡ്വൈഫുകളോ വാർഡർമാരോ വളരെ കുറച്ചേ ഉള്ളു. വാസ്തവത്തിൽ ഈ വാർഡറന്മാരുടെ സ്ഥിതി വളരെ കഷ്ടതരമാണു്. വളരെ കുറഞ്ഞ ശമ്പളം, ഏകദേശം ഇരുപത്തിനാലോ മുപ്പത്തിരണ്ടോ മണിക്കൂർ തുടർച്ചയായ ജോലി, ഇങ്ങനെയാണു് അവരുടെ നില. മിഡ്വൈഫുകൾ കുറഞ്ഞതു് ഓരോ ഗ്രാമത്തിനു് ഓരോന്നെങ്കിലും ഉണ്ടായിരിക്കണം. ഇവരുടെ എല്ലാവരുടേയും ശമ്പളവും കൂട്ടിക്കൊടുക്കണം. മറെറാന്നു്, ആയുർവേദത്തെ സംബന്ധിച്ചാണു്. മെഡിക്കൽ ആൻഡു് പബ്ലിക്കു് ഹെൽത്തു് ഇനത്തിനായി നീക്കിവച്ചിട്ടുള്ള തുകയുടെ നാലുശതമാനം മാത്രമാണു് ആയുർവ്വേദത്തിനു് വച്ചിരിക്കുന്നതു്. ഇതു് ഈ രാജ്യത്ത സ്ഥിതിക്കു് ഒട്ടും യോജിച്ചതല്ല. ഒരു ആയുർവേദ ഔഷധത്തോട്ടം സ്ഥാപിക്കുക, ആയുർവേദകാളേജിൽ പഠിച്ചു് പാസാകുന്നവക്കു് ഡിഗ്രി കൊടുക്കുക, വൈദ്യന്മാരുടെ നില ഉയരത്തക്കവണ്ണം പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളിലും ആയുർവേദ ആശുപത്രികൾ സ്ഥാപിച്ചു് അവിടെ ആയുർവേദ വൈദ്യന്മാരെ നിയമിക്കുക, നല്ല മരുന്നകൾ ഉണ്ടാക്കി വിൽക്കുക, ഒരു റിസർച്ചുസ്റ്റേഷൻ സ്ഥാപിക്കുക, ഇതൊക്കെ അത്യാവശ്യമായിട്ടുള്ളതാണു്. അതിനൊന്നിനും പ്രൊവിഷൻ കാണുന്നില്ല. കൂടുതൽ പറയാൻ സമയമില്ലാത്തതുകൊണ്ടു് അധികമൊന്നും പറയുന്നില്ല. ജനകീയ ഗവണ്മെൻറായതുകൊണ്ടു് ജനങ്ങളുടെ ഇമാജിനേഷൻ ക്യാച്ചു് ചെയ്തു് കുറേക്കൂടി മുമ്പോട്ടു പോയി, ശാശ്വതമായ ചില പദ്ധതികൾകൂടി ബഡ്ജറിൽ ഉൾപ്പെടുത്തി അതിനേ ശോഭനതരമാക്കാമായിരുന്നു. എന്നാൽ ജനകീയ ഗവണ്മെൻറു രൂപമെടുത്തിട്ടേയുള്ളു, താമസിയാതെ തന്നെ അവയൊക്കെ നടപ്പിൽ വരുത്തും എന്നുള്ള ഉത്തമ വിശ്വാസത്തോടുകൂടി ഞാൻ അവസാനിപ്പിച്ചു കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. D. GNANASIGAMONY : தலைவர் அவர்களே !

நமக்கு முன் சமர்ப்பிக்கப்பட்டிருக்கும் 1124-ம் ஆண்டு பட்ஜற்று பிரதமர் சொல்கிறபடி மெச்சிக் கொள்ளபடதக்கதல்ல. இது திருவிதாங்கூர் முதல் சுதந்திரபட்ஜற்றனுல் இதில் சுதந்திர வாசனையே காணும். ஏனென்றுல், முன்காலத்திய பட்ஜற்றுகள் எப்படியோ அப்படியே பெரிய மாறுதல்கள் ஒன்றுமின்றி இது நம்முன் சங்கீகாரத்திற்கு சமர்ப்பிக்கப்பட்டிருக்கிறது. இதை நாம் சற்று ஆராய்ந்து பார்ப்போமானுல் நாட்டின் முன்னேற்றத்திற்கு ஏதுவாக ஒன்றும் காணப்படவில்லை. சுதந்திர சர்க்காரென்று சொல்லிக் கொள்ளும் இன்றைய சர்க்காரின் இந்த பட்ஜற்று சென்ற பல ஆண்டுகளாக தயார் செய்யப்பட பட்ஜற்றுகளைப் போலவே காணப்படுகிறது. இதன் சார்பாக ஒன்றிரண்டு விஷயங்களைச் சொல்ல விரும்புகிறேன்.

இப்பொழுது சர்க்கார் பதவியில் வீற்றிருக்கும் தலைவர்களும் மற்றும் பெரியோர்களும், நாடு கொள்ளையடிக்கப் படுகிறதென்றும், இங்குள்ளோரும், வெளியே உள்ளோரும் பணங்களை வாரிச் செல்கிறார்கள் என்றும் பல சொற்பொழிவுகள் மூலம் நமக்குச் சொல்லி விளக்கிக் காட்டியிருக்கிறார்கள். ஆனுல் இந்தப் பட்ஜற்றைப் பார்த்தோமானுல் அப்படிப்பட்ட விஷயங்கள் இதில் வெளிப்படையாக ஒன்றும் தெரியவில்லை. அந்த மேடைப் பிரசங்கங்கள் எல்லாம் பேச்சளவில் நின்று விட்டனபோலும். அதனுல்தான் இந்தப் பட்ஜற்றிற்கும் சென்ற வருஷத்தின் பட்ஜற்றிற்கும் யாதொரு வித்தியாசமும் இல்லை என்று நான் கூறினேன். நாட்டின் யதார்த்திய பணநிலையை நமக்குக் காண்பிக்காமல் மறைத்து வைத்து ஏதோ Surplus பட்ஜற்றை நமக்குக் காண்பித்திருக்கிறார்கள். எதற்காக? நமக்கு ஒரு நல்நம்பிக்கையை ஊட்டுவதற்காக மட்டும். முன்காலங்களில் நமது பணங்கள் கொள்ளையடிக்கப்பட்டதென்று சொல்வது சிறியோரும், பெரியோரும், எல்லோரும் ஒத்துக்கொள்ளக் கூடிய விஷயம். ஆகையால் ஒரு சுதந்திர சர்க்கார் உத்தரவாதம் ஏறவுடனே புத்தி பூர்வமாகவும், நியாயமாகவும், செய்ய வேண்டியதென்னவென்றுல், ஒரு Independent auditor-ஐ நியமித்து, அரசாங்கத்தின் பணநிலைமையை பரிசீலனை செய்தபின்பு, பட்ஜற்றை தயாரிக்க வேண்டியதாயிருந்தது. அப்படிச் செய்யாததினுல் தான் தற்போதைய சர்க்கார் தமது முதல் கடமையைச் செய்யத்தவறிவிட்டார்களென்று பகிரங்கமாகச் சொல்லிக் கொள்கிறேன். தவிரவும் அப்படி audit செய்யப் படாமல் இருப்பதால் இந்தப் பட்ஜற்றையும் இதன் கணக்கு வரலாறுகளையும் நமகு சற்றேறனும் நம்ப முடியாது. உதாரணமாக ஒரு குறிப்பைக்காட்டி இது ஒரு Surplus பட்ஜற்றுய் இருக்க முடியாதென்று விளங்கவைக்கிறேன்.

1123-ம் ஆண்டு பட்ஜற்று, 101-ம் டக்கத்தில் Special loan என்று ஒரு Item இருக்கிறது. அதில் 1123 வதுவருஷத்திற்குப் பலிசைவகையில் மாத்திரம் கொடுப்பதற்காக ஒதுக்கிவைக்கப்பட்ட ரூபாய் ஐந்து லட்சம். ஆனுல் நம் முன் சமர்பபிக்கபபட்ட இந்த 1121 வது ஆண்டு பட்ஜற்றின் 104-ம் பக்கத்தில் வட்டிவகையில் கொடுக்கபபட்ட ரூபாய் 3,57,700 என்று குறிப்பிடப் பட்டிருக்கிறது. ஆனுல் இந்த வருஷத்திய பட்ஜற்

LIBRARY ARCHIVES Kerala Legislative Assembly

[Mr. D. Gnanasigamony]

முத் திட்டத்தல் வட்டிவகையில் கொடுப்பதற்காக 31,400 ரூபாய் மட்டும் குறிப்பிடப்பட்டுள்ளது. இதனல் பகிரங்கமாய் விளங்குவது என்னவென்றல், இந்த பெருங்கடன் எப்படியோ மறைந்து விட்டதென்பதே. இந்தப் பெருங்கடனைத் தீர்ப்பதற்கு 1123-ஆண்டு பட்ஜற்றில் யாதொரு ஏற்பாடும் செய்யப்படவில்லை. ஆகவே இந்தப் பெருந்தொகை ஒழுங்கினமாகவே மறைக்கப்பட்டுள்ளது.

இதன் சார்பாக இரண்டாவதாக, 1123-ம் ஆண்டு பட்ஜற்றில் 101-வது பக்கத்தில் பார்த்தால் Interest on overdraft Account என்று ஒரு குறிப்பு இருக்கிறது. அதில் பலிசைவகையில் கொடுப்பதற்காக ஒதுக்கிவைக்கப்பட்டிருக்கும் ரூபாய் ஒரு லெட்சம் மட்டும். ஆனல் 1124-ம் ஆண்டு பட்ஜற்று 104-ம் பக்கத்தில் பார்த்தால் அதில் வட்டி வகையில் கொடுக்கப்பட்ட ரூபாய் எட்டு லட்சம் என்று காணப்படுகிறது. இப்படி பட்ஜற்றில் உட்படுத்தாத கூடுதல் ஏழு லட்சம் ரூபாய் எப்படி கொடுக்கப்பட்டதென்று நமக்கு முன் சமர்பிக்கப் பட்டிருக்கிற பட்ஜற்றிலிருந்து வெளியாகிறதில்லை. இதுவும் ஒரு பெரிய தவறு. இந்த வருஷத்திலும் over draft Accounts-ல் பலிசைவகையில் கொடுப்பதற்காக ஒதுக்கிவைக்கப்பட்டிருக்கும் ரூபாய் ஆறு லட்சம். இவ்விரண்டு விஷயங்களையும் சரிவ.ப் பார்த்தால் Special loan முறை கேடாக எடுக்கப்பட்டதென்றும், பெரிய ஒரு தொகை முறை கேடாக பலிசை வகையில் Over draft Account-ன் சார்பாக கொடுக்கப் பட்டதென்றும் எளிதல் கண்டு கொள்ளலாம். ஆகவே 1123-ம் ஆண்டில் முறை கேடாக பலிசைவகையில் கொடுக்கப்பட்ட எட்டு லட்சம் ரூபாயும் இந்த வருஷத்தில் பலிசை வகையில் Over draft-ன் சார்பாக ஒதுக்கிவைக்கப்பட்டிருக்கும் 6 லட்சம் ரூபாய் ஆகமொத்தம் 14 லட்சம் ரூபாய் பலிசை வகையில் ஒரு சர்க்கார் கொடுக்க நேர்ந்ததென்றல் அந்த சர்க்காரின் பணநிலமை எப்படியென்று சொல்லத் தேவையில்லை. இதைவிடக்கூடுதலாக யாதொரு சர்க்காருக்குப் பணம் Over draft Account-ல் எடுக்கவே முடியாது. இது இப்படியிருக்க இந்த வருஷத்தில் Surplus பட்ஜற்று உண்டென்று சொல்வது என்னவிந்தையாகயிருக்கிறது. அதனல் இந்த பட்ஜற்றை ஒரு விதத்திலும் நம்பமுடியாது. இது ஒரு சரியான பட்ஜற்று என்று யாருக்கும் சொல்ல இயலாது.

இரண்டாவதாக நான் பேச விரும்புவது என்னவென்றல், ஜனங்களுடைய பிரதிநிதிகளாக சுதந்திரத்தை ஸ்தாபிப்பதாக இங்கே வந்தோம்.

ஆனல் இந்நுவந்த சில தினங்களுக்குள் நமக்கு இடைக்கால சுதந்திரமும் கிடைத்தது. நமக்கு சுதந்திரம் அளிக்கப்பட்டுள்ள சட்டங்களில் காருண்ணிய மஹாராஜா அவர்களுக்குப் பிரதம மந்திரியைத் தேர்ந்தெடுக்கக்கூடிய உரிமையும், பின்பு பிரதம மந்திரியின் ஆலோசனைக்கிணங்க மற்ற மந்திரிகளையும் தேர்ந்தெடுக்கப்படுவதாக சொல்லியுள்ளது. ஆனல் நடந்ததென்ன? மூன்று மந்திரிமார்கள் முதல்முதலாக வந்தார்கள். அதில் ஒரு நாயர், ஒரு சிரியன் கிருஸ்தவர், ஒரு ஈழவர். இரண்டாவதாக ஒரு தருணம் வாய்த்தது. அப்பொழுதும் அங்கே வந்தவர்கள் யார்? ஒரு நாயர், ஒரு சிரியன் கிருஸ்தவர், ஒரு ஈழவர். மூன்றுவதாக, சபஸ்தானத்தை முழுவதும் ப [illegible] துலான் Anti Corruption Committee வெளிப்பட்டது.

LIBRARY ARCHIVES Kerala Legislative Assembly

அதிலும் வந்தது யார்? ஒரு காயர், ஒரு ஸிரியன் கிருஸ்தவர், ஒரு ஈழவர். இந்த மூன்று தவறிப்போனாலோ மந்திரி சபையும் அதோகதி தான். இதுதான் இந்த சமஸ்தானத்தின் மந்திரி சபையின் ஒழுங்கு! இதைப்பற்றி பத்திரிகையிலிருந்து நாங்கள் படித்து அறிந்தோம். இதை மறுத்ததாக இதுவரை நாங்கள் அறியோம். இது தான் திருவிதாங்கூர் சம்ஸ்தானத்தின் மந்திரி சபையின் அமைப்பின் ஒழுங்கு. இந்த திருமூர்த்திகளை ஒழுங்காகவும், வரிசையாகவும், நடத்திக்கொண்டு போகவேண்டும். அங்கும் இங்கும் பார்த்தால் இவர்கள் கலைவார்கள். மந்திரி சபையும் ஆடும். மற்று இனத்தார் இதில் வந்து ஒட்டிக்கொண்டால் அதைப் போக்கும் வரையில் மந்திரி சபையின் ஆட்டம் நீடிக்கும்.

இது இப்படியிருக்க நமது தலைவர்களென்று சொல்லிக்கொள்வோர் "நாங்கள் தமிழ்மக்களை ஆதரிப்போம். அவர்களுக்கு எல்லா உரிமையும் கொடுப்போம்," என்று பல விளம்பரங்கள் செய்கிறதுண்டு. சில தினங்களுக்கு முன்பு மதராஸில் சென்றபோது அப்படிப்பட்ட ஒரு அறியிக்கையைப் பத்திரிகைகளிலிருந்து படித்தோம். ஆனால் உண்மை எப்படி? சொல்வது ஒன்று. செய்வது வேறொன்று. இது தான் நமது நாட்டின் நிலைமை. நமக்கு ஒரு விஷயத்தில் (Point of order) சந்தேகம் வருமானால் May's Parliamentary Practice-ஐ எடுத்துக்கொள்கிறோம். எதாவது சட்ட திட்டங்கள் இயற்ற வேண்டுமானால் மதராஸ், பம்பாய் முதலிய இடங்களிலுள்ள சட்ட திட்டங்களை சரிபார்க்காப்பியடிக்கிறோம். அதே போல மந்திரி சபையை அமைக்காதது ஏன்? நமது இந்திய சர்க்காரின் மந்திரிசபை அமைப்பைப் பாருங்கள். அது எல்லாசமுதாயப்பிரதிநிதிகளும் அடங்கியுள்ளது. Mysore, Indonesia மந்திரிசபைகளும் இப்படியே அமைக்கப்பட்டுள்ளன. இவைகளைப் பார்த்து இவர்கள் செய்யாதது என்ன? மக்களின் அவகாசங்களை அபகரித்து, சிறுபான்மை யோரையும் பெரும்பான்மையோரையும், ஒன்றுபோல் நடத்த இன்றைக்கு இந்த சர்க்காருக்குத் தெரியாததென்ன? இன்று இங்கே சிறு பான்மை யோரின் அவகாசங்களும் உரிமைகளும் மறுக்கப்படுகின்றன.

அது ஒருபோதும் சரியல்ல. அப்படியானால் நாம் ஒரு நாளும் முன்னேற்றமடைய மாட்டோம். ஆகையால், நான், கேட்டுக்கொள்வது என்னவென்றால், இந்த மந்திரிசபையை மக்களின் மந்திரி சபையாக மாற்றி அமைக்க வேண்டும். அதில் எல்லோருக்கும் உரிமைகள் கொடுக்கப் படவேண்டும்.

இந்த பட்ஜற்றில் வேறொரு விஷயத்தையும் நான் காண்கிறன். சர் சி. பி. ராமஸ்வாமி அய்யர் இருந்த காலத்தில் (Police Force) போலீஸ்படையைக்கூட்டின தண்டு. அது அவருக்கு ஒரு தேவையான விஷயம். அதேபோலதான் இந்த பட்ஜற்றிலும் Appendix 'A'ல் 119-ம் வகுப்பு Provision for Doubling the Armed Reserve-ஆயுதம் தாங்கிய போலீஸ்படையை இரட்டிக்க என்று இருக்கிறது. இது மிகவும் வேடிக்கையாகத் தோன்றுகிறது. சர் சி. பி. ராமசுவாமி அய்யர் இருந்த காலத்தில் ஒரு சமயம் இது வேண்டியிருக்கலாம். ஆனால் இப்பொழுது இங்கு

LIBRARY ARCHIVES Kerala Legislative Assembly

[Mr. D. Gnanasigamony.]

ஜனநாயக சர்க்கார் நிலவியிருக்க, இப்பொழுதும் இவ்விதம் கூடுதல் Armed Reserve) ஆயுதப்படை வேண்டுமா? எதற்காக அதிகம் Armed Reserve? ஏழை மக்களின் தலையை உடைக்கவா? மக்களின் கவர்மென்று, ஜனநாயக கவர்மென்று ஏற்பட்டிருக்க எதற்காக இந்த வீண் செலவு? பொதுவாக இந்த பட்ஜற்று மக்களின் வாழ்க்கைக்கு உகந்த பட்ஜற்று அல்ல வென்று சொல்லிக்கொள்கிறேன்.

MR. K. KUTTAPPAN (*Mavelikara III—Thandan Reserved*): സർ, തിരുവിതാംകൂറിൽ ഒരു ജനകീയ ഗവണ്മെൻറുണ്ടായി ആദ്യമായി അവതരിപ്പിക്കുന്ന ബഡ്ജറിനെ സ്വാഗതം ചെയ്യുന്നു. ബഡ്ജറു് സ്വാഗതം ചെയ്യുന്നതോടുകൂടി കൂടുതലായി ഒന്നംതന്നെ പറയണമെന്നു് ആഗ്രഹിക്കുന്നില്ല. എന്നാൽ ചില പ്രധാനപ്പെട്ട സംഗതികൾ സഭ മുമ്പിൽ കൊണ്ടുവരുവാൻ ഞാൻ ആശിക്കുന്നു. അതായതു് പ്രധാനമന്ത്രി കൂടിയായ ധനകാര്യമന്ത്രി ഈ ബഡ്ജറു് ഉണ്ടാക്കിയതു് മറ്റു മന്ത്രിമാരുടേയും സഹകരണത്തോടുകൂടിയായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. തിരുവിതാംകൂറിലെ ആദ്യത്തെ ജനകീയ ഗവണ്മെൻറു് തയാറാക്കിയിരിക്കുന്ന ഈ ബഡ്ജറു് തിരുവിതാംകൂറിലെ സാമാന്യജനങ്ങളുടെ ആവശ്യത്തിലേക്കായി സൃഷ്ടിച്ചിരിക്കുന്ന ഒന്നാണെന്നു് ഈ സഭയിലെ എല്ലാ അംഗങ്ങളും വിശ്വസിക്കുന്നു. സർ, തൊഴിലില്ലായ്മ, പ്യൂൻ. ജി. ഒ. പ്രോബ്ലം മുതലായ ഇവിടത്തെ പല കാര്യങ്ങളും സോൾവു് ചെയ്യേണ്ടതായിട്ടുണ്ടു്. ഇവിടത്തെ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടേയും ആവശ്യങ്ങളും അവകാശങ്ങളും സ്ഥാപിച്ചെടുത്തക്കവണ്ണം അവരുടെ മെമ്മറികവും ഒടുക്കന്തിരവും ആയ ആവശ്യങ്ങളും നിറവേറുന്നതിനു് ഈ ബഡ്ജറു് എത്രമാത്രം പര്യാപ്തമാണെന്നുള്ളതു് നമുക്കു് അടുത്തതോവിയിൽ തന്നെ കാണാവുന്നതാണു്. സർ, ഈ ബഡ്ജറിൽ കാണുന്ന ഒരു മഹനീയ ഗുണം ഇതൊന്നുമാത്രമാണു്. ഏകദേശം ഏഴായിരം ചതുരശ്രമൈലിനകത്തു് താമസിക്കുന്ന ജനങ്ങളെ മദ്യം വർജിപ്പിക്കുന്നതിനുവേണ്ടി പര്യാപ്തമായ നിലയിലാണു് ഇന്നത്തെ ബഡ്ജറു് രൂപീകൃതമായിരിക്കുന്നതു്. അതായതു് ഇതു നടപ്പിലാക്കുന്നതോടുകൂടിത്തന്നെ അറുപത്തൊൻപതു ലക്ഷംരൂപാ നികുതിയിനത്തിൽ ഗവണ്മെൻറിനു നഷ്ടമാകുന്നതു വകവയ്ക്കാതെ ആ പദ്ധതി നടപ്പിൽ വരുത്തുന്നതിനു് ഗവണ്മെൻറു് ഉദ്ദേശിച്ചതിനേക്കുറിച്ചു് എത്ര പ്രശംസിച്ചാലും മതിയാവുന്നതല്ല എന്നാണു് എന്റെ വിശ്വാസം. നികുതിയിനത്തിൽ നാം പ്രതീക്ഷിക്കുന്നതിൽ കവിഞ്ഞ ഒരു തുക കിട്ടുമെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

സർ, വിദ്യാഭ്യാസ ചിലവുകൾക്കായി ഒരുകോടി ൻപത് ലക്ഷം രൂപായും, മെഡിക്കൽകോളേജിനു 10 ലക്ഷവും, ആശുപത്രികളിൽ രോഗികൾക്ക് ആഹാരം കൊടുക്കുന്നതിന് കൂടുതൽ ചിലവിനുവേണ്ടി 6 ലക്ഷം രൂപായും, രോഗനിവാരണത്തിനു വേണ്ടി 8 ലക്ഷം രൂപയും നീക്കിവച്ചിരിക്കുന്നത് ആശാജനകംതന്നെ. എന്നാൽ രാഷ്ട്രീയ സമരത്തിൽ പങ്കെടുത്തകാരണത്താൽ ജയിൽവാസം അനുഭവിക്കുന്നവരുടെ കുടുംബങ്ങൾക്കുവേണ്ടി ഒന്നുംതന്നെ ബഡ്ജറ്റിൽ കൊള്ളിച്ചുകാണാത്തത് പരിതാപകരംതന്നെ. ഇന്നിവിടെ കൂടിയിരിക്കുന്ന മന്ത്രിമാർ ഉൾപ്പെടെ ബഹുമാനപ്പെട്ട മിക്ക മെംബറന്മാർക്കും ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടുള്ളതും അവിടെ അവർക്കു ലഭിച്ചുകൊണ്ടിരുന്ന സുഖസൗകര്യങ്ങളെപ്പറ്റി നല്ലവണ്ണം അറിയാവുന്നതുമായ സ്ഥിതിക്ക് മേൽപ്പറഞ്ഞ തടവുകാരെപ്പറ്റി അവഗണിച്ചിട്ടുള്ളതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഈ ബഡ്ജറ്റ് ഒരു സംഗതിയിൽ ആശ്വാസം നൽകുന്നുണ്ട്. അതായതു് ഋണബാദ്ധ്യത യാതൊന്നും ബഡ്ജറ്റിൽ ഇല്ലെന്നു കാണുന്നു. അതു് സന്തോഷാവഹംതന്നെ. ഇനിയും ഇവിടത്തെ ഭക്ഷണസാധനങ്ങൾക്കു വേണ്ടി കൊള്ളിച്ചിട്ടുള്ള തുകയെപ്പറ്റി പരിചിന്തിക്കയാണെങ്കിൽ അതു് ഏറ്റവും ആശങ്കാജനകമായ ഒരവസ്ഥയെയാണു് പ്രാപിച്ചിരിക്കുന്നതു്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇവിടെ കൂടുതൽ ഭക്ഷണസാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും അവ കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനുമായിരിക്കാം ഒരു നല്ല തുക ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നതെന്നു തോന്നുന്നു. ഫാമ്സ് റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നും തടിവിൽപ്പന ഇനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്നതുപോലെയുള്ള തുക കിട്ടുമോഎന്നുള്ളതു് സംശയമാണു്. ഇനി ബഡ്ജറ്റിൽ വിദ്യാർത്ഥികളുടെ ഫീസിനത്തിൽ 8 ൽ ലക്ഷത്തോളം രൂപാ വരവുണ്ടാകുമെന്നു് പ്രതീക്ഷിക്കപ്പെട്ടുന്നു. അങ്ങനെ ഇരിക്കെ അവർക്കു് താമസസൗകര്യത്തിനുവേണ്ടിയുള്ള ഹോസ്റ്റൽ മുതലായവയ്ക്കുവേണ്ടി ഒരു കാശുപോലും നീക്കിവയ്ക്കാത്തതു് ലജ്ജാകരമായിപ്പോയെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

തിരുവിതാംകൂർ ജനതയിൽപ്പെട്ട പല വിഭാഗക്കാരുടെയും ഉന്നതങ്ങൾക്കും അവശതകൾക്കും മറ്റും പരിഹാരങ്ങൾ ഉണ്ടാക്കുമെന്നു പല സ്ഥലങ്ങളിലും പല സന്ദർഭങ്ങളിലും ചെയ്തിട്ടുള്ള വാഗ്ദത്തങ്ങൾ നാം

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kuttappan]

ഓക്കണം. കൃഷിക്കാരേയും സാധുക്കളായ തൊഴിലാളികളേയും അവരുടെ ദുരിതങ്ങളിൽനിന്നും രക്ഷിക്കുന്നതിനോ അവർക്കു അല്പമെങ്കിലും ആശ്വാസം നൽകുന്നതിനോ ഈ വാഗ്ദത്തംമൂലം സാധിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. പ്രഗത്ഭമായ പ്രസംഗം എല്ലാപേർക്കും നടത്താം. പക്ഷേ പ്രവർത്തനം നേരേമറിച്ചുമാണ്. തൊഴിലാളികളെ സംബന്ധിച്ചാണെങ്കിൽ അവർക്കു കിട്ടികൊണ്ടിരിക്കുന്ന കൂലി ഈ കാലസ്ഥിതി അനുസരിച്ചു ഒട്ടും പര്യാപ്തമല്ല. പിന്നയോ പകൽ മുഴുവനും അദ്ധ്വാനംചെയ്തു കിട്ടുന്ന അല്പമായ കൂലിയും വാങ്ങിക്കൊണ്ടു രാത്രി കഴിച്ചുകൂട്ടാൻ ചെറുകുടിലുകൾപോലുമില്ലാത്ത അനവധി തൊഴിലാളികൾ ഇന്നു നമ്മുടെ രാജ്യത്തുണ്ട്. കൂരയില്ലാത്ത അനേകം തൊഴിലാളികൾ, കുടുംബസമേതം ജീവിക്കുന്നു എന്നു പറഞ്ഞാൽ എത്രത്തോളം വൈഷമ്യം അവർ അനുഭവിക്കുന്നുണ്ടെന്നു നമുക്കു ഊഹിക്കാവുന്നതാണ്. ഈ പ്രശ്നത്തിനു ഒരു പരിഹാരമായി ഒരു ചെറിയതോതിലെങ്കിലും വേഗ നിർമ്മാണ പദ്ധതിക്കുള്ള തുക ബഡ്ജറ്റിൽ കാണുന്നില്ല. കുറേ സിൽബന്ധികളേയും അവരുടെ ശമ്പളങ്ങളേയും കുറച്ചിട്ട് ഏതാനും ലക്ഷം രൂപാ ലാഭം ഉണ്ടാക്കിയെന്നു ഗവണ്മെൻറ് അഭിമാനംകൊള്ളുന്നു. എന്നാൽ എൻ. ജി. ഓ. മാരുടേയും മറ്റു ഡിപ്പാർട്ടുമെൻറ് സിൽബന്ധികളുടേയും ശമ്പളത്തോതു് വർദ്ധിപ്പിക്കുന്നതിനെപ്പറ്റി ഒന്നും പറയാതെ ഗവണ്മെൻറ് മൗനം ഭീക്ഷിക്കുന്നു. ഇപ്രകാരം ജീവൽപ്രധാനങ്ങളായ ചില കാര്യങ്ങളും ഒഴിച്ചാൽ ഈ ബഡ്ജറ്റ് സ്വാഗതാർഹമാണെന്നു പറയാം.

MR. N. V. CHACKO (*Kunnathunad III—General*): Mr. President, it is ten years since some of us met together in the former Legislative Assembly to discuss the Budget in Karkadakam 1113. That was in another place; now we have shifted from the V. J. T. Hall to the present hall. But this is blocked and darkened by the black statue facing away from us, in haughty, scornful, but well deserved or ill-merited contempt turning its ignominious back to us. Have we lost all sense of shame and disgrace?

The world war was fought and won. As a result of the Indian National Congress agitation, the British quitted India and she got independence. There was a feverish attempt on the part of the previous Administration in Travancore to make this State of independent of India. Fortunately the stupidity of Travancore standing independent proved abortive. We have now joined the Indian Union and formed part and parcel of it. Otherwise our fate would have been worse than that of Kashmir or the unwise Hyderabad. Now the Congress Ministry have taken charge in Travancore as well as in India. We are now free to choose and follow our own path. We have an Assembly and Representative Body elected on the basis

LIBRARY ARCHIVES Kerala Legislative Assembly

of adult franchise. We have a Ministry of the Travancore State Congress Parliamentary Party. If the Ministers quarrel and if they and we fail in our duty, the result will undoubtedly be communalism or communism prevailing in our State. As between communalism and communism I prefer the latter. (*Hear, hear.*) There is no doubt about that. But for the violence, irreligion, immoral, unmoral and loose ways of communism, we would all agree with its good ideals. In other words, its violence and bad and unholy ways make its chief curses.

I hope the people of Travancore along with the rest of India will realise the conditions that obtained in Travancore for over a decade. The tragedy that was enacted in the years from 1112 to the end of 1122 gloomily lingers in our mind. There are several persons in the Government service, born and brought here, who played the parts of villains of the piece. Some of them cannot act any other part even now. Of course there are some others left here who can now play the part even of saints and sages. We, therefore have to wash our Travancore pure and clean. It continues to be a Aegian Sty and it requires Herculean efforts from the Ministers to purge and purify Travancore. It is rotten as Denmark in the days of Hamlet. I hope the Congress Ministry, with the assistance of the Congress Party and aided by the other parties, including the Tamil Nad and certainly the Muslim League, will be able to wash Travancore clean and pure, and that they will never feel themselves unequal to the task, however huge and delicate. But if the Congress Ministry, in spite of themselves, are unable to do the task, if they are discordant, disunited, weak-minded and knock-kneed, the result would be disastrous. In that case, communalism or communism will again crop up and destroy all our hopes of good, peace, prosperity and glory and make our future and even present worse than our past sufferings for the last 10 years. That should never be allowed to be the state of affairs. Let us not betray the interests of the people in silly seifishness or disgraceful discord or pitiable meekness.

Sir C. P. Ramaswami Aiyar was administering the land of Travancore from the year 1112. He began with oppression, repression and suppression, which were unbearably felt in many taluks including Kunnathnad, on the pretext of checking smuggling. The public were chased by the Police and the Excise in open day light along public roads for weeks and months in what is called "Idi Vandies" (ഇടിവണ്ടികൾ). He was subjugating the people to the meanest slavery and the lowest humiliation, I had the privilege of raising that question in the Legislature in 1112. Though very many Honourable Members expressed their sympathy, very few acted up to it. The result was calamitous to Travancore. Everybody got his turn and share. People were attacked and assaulted and even shot dead from one end of the State to the other. We have survived that regime. But a good many of those who acted most

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. V. Chacko.]

wickedly and cruelly and dishonestly and against the genuine interests of the State continue in the Public Service as favoured pets. It is the continuation of that cursed tradition that made one such Travancorean to keep a revolver or pistol exposed on the table when he acted as the Presiding Officer of a polling station at the last election. I know that officer is still in the service though I do not mention him by name.

MR. K. A. MATHEW: ഞങ്ങളാരും ഇപ്പോൾ സർവീസിൽ ഉണ്ടോ?

MR. N. V. CHACKO: Yes. Such men appear in these days to take up the role of angels and deceive the superior authorities. We have to be cautious about them.

MR. K. A. MATHEW: ആ ഉദ്യോഗസ്ഥന്റെ പേര് പറയാമോ?

MR. N. V. CHACKO: I will now pass on to the most important problem of the day, namely, the food problem. We are confronted with the very grave problem of feeding the poor, the labourer, the middle class and the rich all alike. Those who have thonght about it tell me that complete decontrol is the best and safest way, yielding the most desirable results in all respects. Partial decontrol will only defeat the very purpose which it is meant to advance. For Heaven's sake, Government should not accept the advice from their Food and Ration Officers. For, that would be like consulting cats about the interests of rats. Those officers are not really capable of giving disinterested advice. The Industrial or Factory employers want control for rice, but not for anything else. It is not really the factory labourers that want rice control. Any cultivator or proprietor of paddy land may be asked to sell to Government one para of paddy for one para of paddy land, or 7 paras per acre, and that, at a price of Rs. 2½ per para. The rate of collection may be increased by gradation, say at 10 1/2 paras above 3 acres, 14 paras above 10 acres and so on. Even at 7 paras per acre, 42 lakhs of paras of paddy can be purchased for about 6 lakhs of acres of paddy lands. Keep the quantity thus collected, which is not appreciably less than what is now being collected through Purchasing Officers etc., as a buffer stock, and sell it wherever and whenever necessary through fair price shops at about Rs. 3 per para of paddy. Conditions can certainly be improved and soon brought to the normal, in this manner. The food control, food purchase and all other allied departments in their present form and nature must vanish or be wiped out all at once. A large quantity of paddy was easily collected from the people during 118 or 119 when the department was newly started and not well experienced in all the ways of bribery and corruption in the work. After that the collection went down steadily. We must buy all rice and paddy which we can get from outside Travancore also. Our attempt should be to make the State self-sufficient in the matter of food production as far as possible. Government should import rice on its own responsibility to the Cochin Harbour and from there merchants should be asked to take delivery for distribution in various parts of Travancore,

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI: This is the first budget that has been presented to this House by the Congress Ministry. Of course, it is very difficult for a Congressman to view this budget in an impartial way. On the one side there is the Congress Ministry of which I am supposed to be part and parcel. On the other side there is the popular feeling and between these two to make a via-media is rather difficult. But the Ministry came into being only three months back. Therfore it was not within their capacity obviously to find out all the figures which may be eluding even a clever financier and so far as the budget figures of Travancore are concerned, it may be a difficult task even to study them than to present a proper financial statement for this House. Therefore it is very difficult for me to accuse anybody or to enter into a very harsh criticism but making sufficient room for all that, I must say, Sir, that with the resources available, as this present budget discloses, a different budget should have been possible to be presented before this House.

When the Congress Ministry came into being, the fear was we were in a very, very, very (laughter) difficult situation. The Congress Ministry was faced with difficulty and it was very difficult to get over the money situation because we could not find money even to purchase the quota of food materials allotted to us by the Indian Union. So I was told. Now, the present budget says there is a surplus after meeting all the expenses, as the drab figures of this budget disclose. It is the same drab, dull figures with which the two previous budgets were replete, that adorn this budget also, (Laughter). But I am not criticising anybody. There are very commendable features in the budget, very laudable allotments made for people's good. That apart, the drab and dull figures which the prior budgets contained are untouched. Therefore it appears that through our power, our reproductive capacity (laugther) we created a big family, the official family the members of which would somehow be provided. Therefore all are there without being disturbed by any and the major portion of the resources of the State are according to this budget utilised for paying the unwanted officers of the State (laughter). I started by saying that the only thing which was confronting was, where to go for money, for food material, We naturally thought there would be a need for Government economy. I ask the question whether this budget discloses that the

LIBRARY ARCHIVES Kerala Legislative Assembly

Government was very particular about economising the expenditure on public services in the State. That is the one question which I put. The first thing this Government could have done is to establish a retrenchment committee to see that expenditure on public service is brought down as far as it is possible. It is fresh in our minds, especially in the minds of Congressmen, that during the last ten years posts were created without any necessity and people were preferred not because they were found fit but because of political exigencies and so posts after posts were created and men after men were placed there. (Laughter). For nobody was to serve for the sake of the country. I am asking the question whether all these posts are not still there. All these persons are there. We are pioneering to place a budget but I am sorry, Sir, that of course, it is a surplus budget so far as it goes that the basis of the surplus budget is artificially made. There is no doubt about it, because, the learned Minister for finance says "Total receipts from customs have been placed at Rs. 119·5 lakhs, only Rs. 2 lakhs in excess of the revised the normal volume of trade being expected to continue in 1124." Let us come to recipts. According to the revised statement for 1123 trade has come down, and the income from customs has come down. Therefore, if this is the picture presented to us by the revised estimate of 11 3, how can we naturally expect trade to improve next year and bring more revenue from customs ? My friend Mr. Sankar was telling us that the coir industry is in a difficult predicament. People are without employment. Therefore, under those circumstances, to think that we would get more revenue from customs is not, I think, reality. Naturally, we will find that we are getting less income from customs when the year 1124 runs out. In the same way forest receipts are expected to improve and bring in an additional revenue of Rs. 23·66 lakhs. I again question the reality of that income. We are well aware that during these years, the past ten years, our forests have been indiscriminately exploited. All the available timber has been cut down and sent outside and sold. It is one thing to say that we can make more profits. We can get 23 odd lakhs of rupees next year from forests. That is one thing. Even if it is true, I would sound a note of warning. You should not hereafter think of getting more income by the sale of timber from our forests and exploit them indiscriminately and making more income out of our forest resources. But I do not believe that you would get more income from the forests next year. That is where we come to the question of housing. You can more or less understand what was the condition of the price of timber ten years ago and what it is now. Now it has become impossible for a Travancorean, to find timber for a decent house for Rs. 300 or Rs. 400 while it was easy to do so formerly. It is not the duty of the popular Government to make timber more cheap for our purpose especially for housing purposes ? I would also ask the question whether they are aware of the fact that the future presents a gloomy picture so far as our forests are concerned, because during the last ten years I am not aware of any honest attempt being made to replant the forests with teak or black wood. On the other hand, it has become

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Neelakanta Pillai.]

almost impossible for a Travancorean to get teak or black wood even for fabulous prices because, practically the forests are deprived of this teak and black wood of which we boasted as the monopoly of Travancore.

That is one thing. That is why I said that this surplus budget is an artificial one. When the year 1124 runs out, if Government do not take greater care for retrenchment, probably this surplus will disappear and it will be a deficit budget. I do not propose to level an attack on a deficit budget. We would have been more glad to meet a deficit budget. When it is said that there is no money for purchasing food materials what should the people expect? We expect to receive a deficit budget. My heart would not freeze if a deficit budget is presented to the House. On the other hand, a surplus budget is presented to the House. After all, this surplus budget is a deficit budget. Therefore, there is not much sanctity in producing a surplus budget of two lakhs. We would face a deficit budget even if it be twenty lakhs provided the more important problems are faced by the present Ministry. I am asking the question, if we lose revenue from abkari why not we impose a death duty. The Congress in its manifesto said that there will be some sort of socialisation of land That was our goal. If food and other elementary things which people want should be supplied, why should not a duty on estate be imposed? That would be the first step towards socialisation. That would have brought to the treasury a decent revenue. Similarly, Sir, I can devise several other methods of additional taxation. What about the amount from the income tax evaders? We could have got a decent income from that. Death duty could have been imposed and motor licence fees could have been doubled. There are other ways of bringing in more revenue to the treasury. On the whole, I submit, Sir, there are very commendable features in the budget. I am very proud of the budget. I have no time to touch on the various features of the budget. I congratulate the Government in their initiating commendable policies during the beginning of the Congress Ministry in the State.

MR. U. K. VASUDEVAN ACHARI (*Kottayam III—Kammala*): സർ, എന്തെന്നില്ലാത്ത ഒരു അസംതൃപ്തിയുടെ ഫലമായി സംജാതമായ ഒരു പരിവർത്തനഘട്ടത്തിലാണ് തിരുവിതാംകൂറിൽ ഒരു ജനകീയ ഗവണ്മെൻറ് രൂപീകൃതമായത്. അസഹനീയമായ പല യാതനകളും അനുഭവിച്ച ബഹുഭൂരിപക്ഷം ജനങ്ങളുടെ പിൻതുണയോടുകൂടി രൂപീകരിക്കപ്പെട്ട ആ ഗവണ്മെൻറിന്റെ നേരെ ജനങ്ങൾ വളരെ പ്രത്യാശയോടുകൂടി നോക്കിക്കൊണ്ടിരിക്കുക എന്നുള്ളതു് ഏറ്റവും സ്വാഭാവികം തന്നെയാണ്. ഇങ്ങനെയുള്ള ഒരു ഗവണ്മെൻറ് സാമാന്യജനങ്ങളുടെ സംതൃപ്തിക്കുവേണ്ടി എന്തു ചെയ്യുന്നുണ്ട് എന്ന ഒരു മനോഭാവത്തോടു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കുടിയാണു ജനസാമാന്യം ഈ ജനകീയഗവണ്മെൻറിന്റെ ബഡ്ജറ്റിനെ വീക്ഷിക്കുന്നതു്. തൽക്കാലപരിതഃസ്ഥിതിക്കു് സാമാന്യജനങ്ങൾക്കു ബാധകമെന്നു കരുതാവുന്നവിധത്തിലുള്ള ഒരു ബഡ്ജറല്ല ഇതു്. പ്രധാനമന്ത്രിയായ ഫൈനാൻസുമെംബർ സാമാന്യജനങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ശ്രമിക്കുമെന്നും, അവരുടെ കഷ്ടപ്പാടുകളിൽ നിന്നും അവരെ ഉയർത്തുമെന്നും, അവരുടെ സാമ്പത്തികവും ധൈതികവുമായ ജീവിതത്തെത്തു് ഉയർത്തിക്കൊണ്ടുവരുന്നതിനു് ഗവണ്മെൻറു് ഏറ്റവും കൗൽസുക്യം പ്രദർശിപ്പിക്കുമെന്നും തന്റെ ബഡ്ജറു പ്രസംഗം മുഖേന ഇവിടുത്തെ സാമാന്യജനങ്ങളെ ഏറുകുറെ മനസ്സിലാക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. സാമാന്യജനങ്ങളുടെ അഭിവൃദ്ധിയാണു് ഒരു ജനകീയഗവണ്മെൻറിന്റെ നയമെന്നു നമ്മളെല്ലാവരും വിശ്വസിച്ചിരിക്കുന്ന നിലയ്ക്കു പ്രധാനമന്ത്രിയുടെ ആ പ്രസംഗം ജനങ്ങൾക്കു് വലിയ ആശ്വാസത്തിനു് വക തരുന്നുണ്ടു്.

ഈ ബഡ്ജറു പ്രധാനമായി നമുക്കു സ്വീകാര്യമായി വന്നിരിക്കുന്നതു് രണ്ടു സംഗതികളാലാണു്. ഒന്നാമതു, ചില ദിക്കുകളെ എന്നു മാത്രമല്ല, ചില ജനവിഭാഗങ്ങളെക്കൂടി അവരുടെ സാമ്പത്തികമായും മറു പ്രകാരത്തിലുമുള്ള അധഃപതനത്തിനു കാരണമാക്കിത്തീർക്കുന്ന മദ്യപാനാസക്തിയെ നിരോധിക്കപ്പെട്ടിരിക്കുന്നതാകുന്നു. സാമ്പത്തികവും സാമൂഹ്യവുമായുള്ള അലങ്കോലങ്ങൾക്കും സർവ്വപ്രകാരേണയുള്ള അഴിമതികൾക്കും വകനൽകുന്ന ആ മദ്യപാനാസക്തിയെ നിരോധിക്കുന്നതിനുള്ള നടപടികളും ഗവണ്മെൻറു കൈക്കൊള്ളുന്നതു് ആശ്വാസകരംതന്നെ. എങ്കിലും അതിൽനിന്നു വരാവുന്ന നഷ്ടപരിഹാരത്തിനു ഒരു പോംവഴിയായി കണ്ടുപിടിച്ചിരിക്കുന്നതു് സെയിൽസ്ടാക്സ് ആണെന്നു ഓർക്കുമ്പോൾ അതു സാമാന്യജനങ്ങളെ അല്പമോ ക്ലേശത്തിലായി ബാധിക്കുന്നതു് എന്ന സംശയവും ഇല്ലാതില്ല. ഇങ്ങനെ സെയിൽസ് ടാക്സു് ഏർപ്പെടുത്തുന്നതിൽ ജനസാമാന്യത്തിനു ക്ലേശത്തിലായ വൈഷമ്യം നേരിടുന്നുണ്ടെങ്കിലും മദ്യപാനംകൊണ്ടുണ്ടാകാവുന്ന വൈഷമ്യങ്ങളിൽനിന്നും ജനങ്ങളെ ഒഴിവാക്കുവാൻ അതു കാരണമാക്കിത്തീർക്കുമെങ്കിൽ അതുമൂലം വരാവുന്ന നഷ്ടം അവരെ അത്രവലുതായി അസഹ്യപ്പെടുത്തുകയില്ലെന്നും നേരെമറിച്ചു ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ അവക്കു ആ നഷ്ടപരിഹാരം ഉണ്ടായിക്കൊള്ളുമെന്നും ആണു എന്റെ വിശ്വാസം. മദ്യനിരോധനംകൊണ്ടു ഗവണ്മെൻറു പ്രതീക്ഷിക്കുന്ന നഷ്ടം നൂറു ലക്ഷം രൂപയാണു്. സെയിൽസ്

[Mr. U. K. Vasudavan Achari.]

ടാക്സിൽനിന്ന് ഈടാകാവുന്നതായി പ്രതീക്ഷിക്കുന്നതു് 80 ലക്ഷം രൂപയാണു്. ഇങ്ങനെ സെയിൽസ് ടാക്സിൽനിന്നു ലഭിക്കുന്ന തുക കൊണ്ടു മദ്യനിരോധനം ഏർപ്പെടുത്തുന്നതുനിമിത്തമുണ്ടാകുന്ന നഷ്ടം മുഴുവനും പരിഹരിക്കപ്പെടുകയില്ലെങ്കിലും കള്ളുഷാപ്പിലും, ചാരായഷാപ്പിലും പോകുന്ന തുക മദ്യപാനികൾക്കു ആദായകരമായി തീരുമെന്നുള്ളതു് ആശ്വാസകരമാണു്.

രണ്ടാമതു് വിദ്യാഭ്യാസത്തിനുവേണ്ടി ഗവൺമെന്റ് 80 ലക്ഷം രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നു എന്നുള്ളതാണു്. ഇതിൽ 80 ലക്ഷം രൂപയും പ്രാഥമികവിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. രാജ്യത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കു നിദാനമായ ഒരു നടപടിയാണു് ഇതെന്നുള്ളതിനു യാതൊരു സംശയവുമില്ല. വിദ്യാഭ്യാസം സാർവ്വത്രികമായി നടത്തണമെന്നു് ഇന്നത്തെ ജനകീയഗവൺമെന്റിനു വലിയ അഭിലാഷം ഉണ്ടെന്നാണു ഇതുകൊണ്ടു കാണുന്നതു്. അന്ധന്മാക്കും, മൂകന്മാക്കും, ചെകിടന്മാക്കും കൂടി വിദ്യാഭ്യാസം നൽകുന്നതിനായി പണം നീക്കിവച്ചിട്ടുള്ളതു നോക്കുമ്പോൾ ഇന്നത്തെ ഗവൺമെന്റിന്റെ വിദ്യാഭ്യാസപ്രചരണത്തിനുള്ള താല്പര്യം എത്രമാത്രമാണെന്നു് ആർക്കും മനസ്സിലാക്കുവാൻ കഴിയും. ഈ രാജ്യത്തു് ആരുംതന്നെ അജ്ഞരായി കിടക്കരുതെന്നും ഇതുവരെ വിദ്യാഭ്യാസം ചെയ്യുന്നതിനു സൗകര്യം ഇല്ലാത്ത അവശത അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ ജനങ്ങൾക്കും വിദ്യാഭ്യാസംമൂലം അവരുടെ നില ഉയർത്തണമെന്നുമുള്ളതാണു് ഗവൺമെന്റിന്റെ ആഗ്രഹമെന്നു ബഡ്ജറ്റു നോക്കിയാൽ നമുക്കു കാണുവാൻ കഴിയും. ഇതു് ബഡ്ജറ്റിന്റെ ആദരണീയമായ ഒരു വശമാണെന്നുകൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒരു രാജ്യത്തിന്റെ സാർവ്വത്രികമായ അഭിവൃദ്ധി അതിലെ ജനസാമാന്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിയെ ആശ്രയിച്ചുനിൽക്കുന്നതെന്നു് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ബഡ്ജറ്റിൽ അതിനു് ശ്ര. ച. കാ. എന്നുള്ള നിലയിൽ വലിയ പ്രോത്സാഹനം ഒന്നും തരുന്നില്ലെങ്കിലും വാഗ്ദാനംമൂലം അതു നിറവേറുന്നു എന്നു കാണുന്നതു് ഏറ്റവും സന്തോഷപ്രദവും ആശ്വാസപ്രദവുമാണു്. വ്യവസായം, കൈത്തൊഴിൽ ഈ കാര്യങ്ങൾ നോക്കുകയാണെങ്കിൽ ഗവൺമെന്റു സ്വന്തമായി നടത്തുന്നതോ, ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ഇരിക്കുന്നതോ ആയ കൈത്തൊഴിലുകൾക്കും, വ്യവസായങ്ങൾക്കും മാത്രമേ ജനകീയ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെൻറു ശരിയായി ധനസഹായം ചെയ്യുയുള്ളു എന്നും, എന്നാൽ പ്രൈവറായ നടത്തുന്ന സംഘടിതവും അല്ലാത്തതുമായ വ്യവസായങ്ങൾക്കു വലിയ പ്രോത്സാഹനം നൽകുവാൻ തൽക്കാലം ഗവണ്മെൻറു ഉദ്ദേശിക്കുന്നില്ലെന്നും പ്രധാനമന്ത്രി തൻെറ പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ടു്. ആ നയം ഇവിടത്തെ ജനസാമാന്യത്തിൻെറ സാമ്പത്തികമായ അഭിവൃദ്ധിക്കു എത്രത്തോളം പര്യാപ്തമായിരിക്കുമെന്നു കണ്ടതന്നെ അറിയേണ്ടിയിരിക്കുന്നു. നമ്മുടെ രാജ്യത്തു് സാമ്പത്തികമായ ഉയർച്ച കൈവരണമെങ്കിൽ ഇവിടത്തെ അർദ്ധനഗ്നരും, ഭവനരഹിതരുമായി കഴിഞ്ഞുകൂടുന്ന പട്ടിണിപ്പാവങ്ങളുടെ നില ഉയർത്തുകതന്നെ വേണം. ഇതിലേക്കു ഒന്നാമതായി ഗവണ്മെൻറു ചെയ്യേണ്ടതു അവർ നടത്തിക്കൊണ്ടുപോരുന്ന കൈത്തൊഴിലുകളെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണു്. അതിലേക്കു ബഡ്ജറിൽ ശരിയായ ഒരുപ്രൊവിഷൻ കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. എങ്കിലും, സാധുക്കളുടെ ഉന്നമനച്ചുമതലയാണു് ഗവണ്മെൻറിൻെറ ലക്ഷ്യം എന്നു കാണുന്നതു് ആശ്വാസകരമാണു്.

ഗവണ്മെൻറു ഒരു വലിയ സർപ്ലസ് ബഡ്ജറല്ല ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നു എൻെറ മാന്യസ്നേഹിതന്മാരിൽ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. 2 ലക്ഷം രൂപാ മാത്രമേ സർപ്ലസ്സായി കാണിച്ചിട്ടുള്ളു. മി. ആർ. ശങ്കർ, കഴിഞ്ഞയാണ്ടിലാണു ഈ രാജ്യത്തിനു് ഏറ്റവും കൂടിയ വരവുണ്ടായിരുന്നതെന്നും, ഇപ്പോഴത്തെ വരവു ആ വരവിനെക്കാൾ അധഃപതിച്ചിരിക്കുന്നുവെന്നും പറയുകയുണ്ടായി. അങ്ങനെ രാജ്യത്തിൻെറ സാമ്പത്തികനില അധഃപതിച്ചുവരുന്ന ഈ കാലത്തു് നമ്മുടെ ജനകീയഗവണ്മെൻറു ഒരു വലിയ തുക സർപ്ലസായി കാണിക്കുന്നില്ലെങ്കിൽ കുറ്റപ്പെടുത്താനില്ലെന്നാണു എൻെറ അഭിപ്രായം. സർപ്ലസ് ബഡ്ജറു് അവതരിപ്പിക്കുന്നതു കൊണ്ടു രാജ്യത്തിനു വലിയ പ്രയോജനമുണ്ടെന്നു കരുതുന്ന ഒരാളല്ല ഞാൻ. ഒരു ഗവണ്മെൻറു സാമാന്യജനങ്ങളുടെ രക്ഷയ്ക്കും അഭിവൃദ്ധിക്കുംവേണ്ടി രാജ്യത്തിൻെറ മുതലെടുപ്പു ഉപയോഗിക്കുന്നുണ്ടോ എന്നാണു നോക്കേണ്ടതു്. പ്രധാനമന്ത്രിയുടെ ബഡ്ജറു പ്രസംഗം അത്തരം പ്രതീക്ഷകൾക്കു വകനൽകുന്നുണ്ടു്. നാമെല്ലാം ഗവണ്മെൻറിൻെറ പ്രവർത്തനപരിപാടികളിൽ വിശ്വാസമുള്ളവരാണു്. സാമാന്യജനങ്ങളുടെ സാമ്പത്തികവും, സാമൂഹ്യവുമായ ഉയർച്ചയ്ക്കുവേണ്ടി ആവശ്യമായ എല്ലാ കാര്യങ്ങളും ഗവണ്മെൻറു ചെയ്യുമെന്നാണു

LIBRARY ARCHIVES Kerala Legislative Assembly

[Mr. U. K. VasudevanAchari.]

എന്റെ വിശ്വാസം. ആ നിലയ്ക്ക ഗവൺമെൻറിന്റെ എല്ലാ പരി പാടികളേയും നമ്മുടെ സവ്വശക്തികളും ഉപയോഗിച്ച സഹായ ക്കുകയും വേണ്ട ഒത്താശകളും ചെയ്തുകൊടുക്കുകയും വേണം. എന്നാൽ കഴിവുള്ള സർവ്വവിധമായ ഒത്താശകളും ചെയ്തുകൊടുക്കാൻ ഞാൻ തയാറാണെന്ന പ്രസ്താവിച്ചുകൊണ്ട എന്റെ പ്രസംഗം അവസാനി പ്പിച്ചുകൊള്ളുന്നു.

MR. E. JOHN PHILIPOSE (*Thiruvalla III—General*): Sir, in rising to make my comments on this Budget, I recall the last occasion when along with the Leader of this House, the Deputy Leader of this House and the President of this House, we faced a gentleman who has just left us—thank God he has left us—and we decided then that we will stand together irrespective of community and fight for the good of this country and the integrity of this country. Sir, it is a matter of great privilege and pride today to stand here and speak on the budget which in the words of the Prime Minister is a free people's budget. Sir, I recall the past with a set purpose. On that occasion we solemnly promised to the people that we shall break that regime—we shall not only break that regime but shall break the tradition that was associated with that Government. I wish to remind this Government that that is what is expected of this Government. I say this because, I am afraid that there is a feeling in this country that this Government is betraying an anxiety to show a continuity of administrative policy. What we want is that the people should realise that we have broken the shackles. It is in the light of that that this budget has to be viewed.

I know that this Budget, hastily prepared, is open to criticism. I also know that the members of this House as well as the people of this country will be generous enough to bear with this Government owing to the difficulties and the shortness of time in which they had to prepare this Budget. A glance through this budget has convinced me of one thing—a thing that is imperative, a thing that should not be shirked. That is, our finances have to be enquired into by an Expert Enquiry Committee appointed by Government—confidentially it may be; but for the conviction of Government an enquiry by an Expert Committee should be conducted and our finances should be secured and placed on a sound basis. Today, Sir, I find in the Budget a lot of entries which are not altogether correct. I do not wish to take this House through all these things. I wish to take this opportunity of pointing out these things to the Prime Minister, who is also the Finance Minister. It has also shown one other thing—a lamentable lack of efficiency or lack of co-operation of those who prepared this Budget, of the civil service or the Finance Department that was responsible for preparing the figures. That is one thing which I want to raise here and point out to Government. The efficiency of a Government, the strength of a Government, the pulling power of Government, depends upon the

LIBRARY ARCHIVES Kerala Legislative Assembly

co-operation that it receives from the civil service. I ask this Government—whatever it may say openly—I ask every individual member of this Government: what co-operation did they get? I tell you, Sir, that the whole country will bear with this Government and will certainly encourage the Prime Minister in ridding this country of people who have done evil to this land. Why shirk this? Why postpone this? It is a question which is agitating throughout the country and I am just expressing their viewpoint. That is one thing, which I wanted to express in this House and through you, Sir, to the Prime Minister and the Cabinet.

The second thing I want to say is this. I am not entering into larger policies. I know the circumstances—I know them only too well—under which this budget was prepared. But I know that in preparing this budget our Prime Minister had to hurry through several things and I know that he must have been haunted by the feeling of the many things that have got to be done and of so many things that have to be undone. That is my tribute to the Prime Minister. I know he is conscious of that. I know he is conscious of the many things that have got to be done and of the many things that have got to be undone. It is due to the heritage we have inherited from the past. Why shirk it? It is for us to expose the past so that we may know the present and shape our future. Why shirk it? The country wants it and the people want it, and therefore, the Government also should want it.

I do not desire to take much more time. I ask this Government: what are they going to do for the moral rearmament of this country? That is one thing that has to be done. Finance we can raise: constructive schemes we can formulate; we can raise moneys and taxes; we can do all that. But what this country needs today is moral rearmament—the uplifting of character. That is what is wanted. What is this Government going to do to purify the public life in the country? That is the test of our success. It is not by producing a deficit or surplus budget, it is not by showing a balance of cash figures that this Government is going to be judged. When we lay our office and go back to the country for the votes of the people we will be judged by the moral rearmament of the country that we have been able to accomplish. That is what we want.

Recently I have seen the most scandalous and scurrilous attacks against men of great character, who have stood courageously against the mighty in this country. I ask this Government: is that going to be tolerated? If we are going to build up a democracy in this country, let the Government also know that we have to forsake some of the privileges that we have enjoyed by a seasoned democracy. We are prepared to forgo those privileges if we can live clear and lead pure lives. Great men are being tarred and brushed by the slum of this country. That is not going to be tolerated. That is the moral re-armament on which this ministry ought to take up and on which it is going to succeed or fail.

LIBRARY ARCHIVES Kerala Legislative Assembly

[Mr E. John Philipose.]

Lastly, I have to say one thing and that is mainly directed to members who are not members of the Congress Party. I am availing myself of this opportunity to tell my friends on the other side of this floor that we as a party have ceased to be a local party. Soon we would no longer be a State Congress Party. We have become part and parcel of that great and mighty organisation which is called the Indian National Congress. The old localised efforts and endeavours have ceased. With that exit let us have a new entry. I ask members on the other side of this House, I ask them, in the fair name of this country and for the good future of this country, com along and join the great Indian National Congress. Let us all pull together; let us lend our weight. Let us not fight among ourselves. Let us all stand together as members of a great and mighty party and carry this country from strength to strength, from character to character, from the evils that have beset us to that greatness and strength that lies ahead of us.

MR P. K. RAMAN (*Shertallai II—General*): സർ, ജനങ്ങളുടെ ഇടയിൽ ഒരു സുവിശേഷപ്രസ്ഥാനവുമായി ഇറങ്ങി, അവരെ ഒരു പുതിയ സംപ്രദായത്തിൽക്കൂടി കടത്തിക്കൊണ്ടുപോകുകയും, അങ്ങനെ ഒരു ജനകീയയുഗത്തിലേക്ക് നയിക്കുകയും, അതു വിധത്തിൽ ഭാവിയിൽ ക്ഷേമവും ഐശ്വര്യവും പ്രദാനംചെയ്യത്തക്കനിലയിൽ ഒരു ബഡ്ജറു തയാറാക്കുകയും ചെയ്ത സ്റ്റേറുകാൺഗ്രസ്സ് പാർട്ടിയിലെ ഏറവും പ്രമുഖനും, നമുക്കെല്ലാം ആദരണീയനുമായ പ്രധാനമന്ത്രിയെ ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു. ഈ രാജ്യത്തെ ജനങ്ങൾ പലവിധത്തിലുള്ള വിഷമങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിതു്. നമ്മുടെ ജീവിതത്തെ ഗാഢമായി സ്പർശിച്ചുകൊണ്ടിരുന്ന യുദ്ധത്തിന്റെ യാതനകൾ നീങ്ങി രാജ്യം ഒരു പുതിയ അഭിസന്ധിഘട്ടത്തെ തരണം ചെയ്തുകൊണ്ടിരിക്കുകയാണു്. യുദ്ധം എന്നു പറഞ്ഞാൽ, രാജ്യത്തു് പല സാമ്പത്തികമായ ഇളക്കങ്ങളും ഗതിവിഗതികളും ഉണ്ടാക്കുന്ന ഒരു സ്ഥിതിവിശേഷമാണു് അങ്ങനെ യുദ്ധകാലത്തു് സാമ്പത്തികമായി ഉണ്ടായിരുന്ന സുഭിക്ഷമായ അവസ്ഥയെ മാറി വളരെ വലിയ പണപ്പെരുപ്പം ഉണ്ടാക്കുകയും, നിലവിലിരുന്ന ഇമ്പീരിയൽ ഗവണ്മെൻറിന്റെ വിക്രയകർമ്മംമൂലം നമ്മുടെ ധനശേഷി വളരെ കുറഞ്ഞുപോകുകയും ചെയ്തിരിക്കുന്ന ഒരു ഘട്ടംകൂടിയാണിതു്. യുദ്ധം തുടങ്ങിയതിനുശേഷം അന്നത്തെ റിപ്പോർട്ടുകൾപ്രകാരം ഏഴു കോടി രൂപയുടെ മാത്രം ഉണ്ടായിരുന്ന ഇൻഡ്യൻ കറൻസി യുദ്ധത്തിനുശേഷം പതിനാറു കോടി രൂപയായിത്തീർന്നതിന്റെ യഥാർത്ഥമായ അർത്ഥം ഈ നാട്ടിലെ ജനങ്ങൾ സമ്പാദിച്ച അർത്ഥഭാണ്ഡങ്ങളുടെ വില വളരെ കുറഞ്ഞുപോയി എന്നാകുന്നു. പണം പെരുകുക എന്നുവച്ചാൽ,

LIBRARY ARCHIVES Kerala Legislative Assembly

സാധാരണക്കാരന്റെ സമ്പാദ്യം പിഴിഞ്ഞെടുക്കുക എന്നാണു. അതു കൊണ്ടു വളരെ കരുതലോടുകൂടിയും, ശ്രദ്ധയോടുകൂടിയും രാജ്യത്തെ നയിക്കേണ്ട ഒരു ഘട്ടമാണിതെന്നു പ്രത്യക്ഷമാണു്. സാമ്പത്തികമായി ഇതിനു മുൻപുണ്ടായിരുന്ന മട്ടത്തിലേക്കു രാജ്യത്തെ വീണ്ടും കൊണ്ടു വരുവാൻ ഭരണാധികാരികളുടെ മസ്തിഷ്കം വളരെയധികം ചെലവാക്കേണ്ട ഒരവസരമാണിതു്. നമ്മുടെ ഭരണാധികാരികൾ പല കാര്യങ്ങളും നമ്മോടു വാഗ്ദാനം ചെയ്യുകയും അതിനുവേണ്ടിയുള്ള ഗ്രാന്റ് ബഡ്ജറിൽ കൊള്ളിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും രാജ്യത്തെ ഉന്നമിപ്പിക്കുന്നതിനു പറ്റിയ നേഷൻ ബിൽഡിങ്ങിനു് ആവശ്യമുള്ള പല്ലാതാകാര്യത്തിനായി പണം കൊള്ളിക്കുവാൻ കഴിച്ചു് അമാന്തിച്ചാണു് കാണുന്നതു്. പല മെമ്പറന്മാരും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു, ബഡ്ജറു് യാഥാസ്ഥിതികമായിരിക്കാനേ വഴികാണുന്നുള്ളു എന്നു്. പഴയ രീതിയിൽനിന്നും പുതിയ സ്ഥിതിഗതികളിലേക്കു് നാം വന്നിരിക്കുകയാണു്; വന്നുകഴിഞ്ഞിട്ടേയുള്ളു; അതുകൊണ്ടു് പെട്ടെന്നു് വളരെ പുരോഗതി ഒന്നും ആശിക്കുവാൻ വഴിയില്ല എന്നതുതന്നെയാണു എനിക്കും തോന്നുന്നതു്. ഇപ്പോൾ ഈ രാജ്യത്തു് ഏതെല്ലാം വിധത്തിലുള്ള ഭരണക്രമങ്ങളും സാമ്പത്തികമായ പുരോഗതികളും വരുത്തുന്നതിനു നമ്മുടെ ഗവണ്മെന്റു് ശക്തമാണെന്നുള്ള സംഗതി നമുക്കു് ആലോചിക്കേണ്ടിയിരിക്കുന്നു.

MR. PRESIDENT : മി. രാമൻ പ്രസംഗം നാളെ തുടരാം. ഇനി ലജിസ്ലേറ്റീവു് ബിസ്സിനസ്സാണു.

OFFICIAL LEGISLATIVE BUSINESS.

THE TRAVANCORE PROHIBITION BILL.

Seccond Reading and further stages

CLAUSE 1.

HON'BLE MR. G. RAMACHANDRAN: I move that in clause 1. sub-clause (3) (b) (1), for the words "at once", substitute the words and figures "on the first day of Chingom 1124."

HON'BLE MR. A. THANU PILLAI: I second it.

The motion was put to the vote of the House and carried.

The question that clause 1 as amended do form part of the was put and carried and the clause was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly